01
2024
സെപ്റ്റംബർ
ഞായർ
ചിങ്ങം 16

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.256 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-256 പേജ് 4. വില 2.00 രൂപ

02 ഹേമ കമ്മിറ്റി റിപ്പോർട്ട് ; മാധ്യമങ്ങളെ കാണുന്നത് ചിലർ വിലക്കി: ബി. ഉണ്ണിക്കൃഷ്ണൻ

03 ഓണം സ്പെഷൽ ട്രെയിൻ ഞായറാഴ്ച മുതൽ; ഗരീബ് രഥ് കോച്ചുകൾ പൊടിതട്ടി ഓടിക്കും

04 മത്സ്യോത്പാദനത്തിൽ സംസ്ഥാനം ഇനിയും മെച്ചപ്പെടണം: മുഖ്യമന്ത്രി

# കേരളത്തിലെ മത്സ്യബന്ധന മേഖലയിൽ അഞ്ചു പദ്ധതികൾക്ക് തുടക്കം

ന്യൂഡൽഹി: കേരളത്തിലെ മത്സ്യബന്ധന മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതു ലക്ഷ്യംവച്ച് അഞ്ചു പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഓൺലൈൻ വഴി ശിലാസ്ഥാപനം നടത്തി. മുംബൈയിൽ നടന്ന ചടങ്ങിലായിരുന്നു ഇവയുൾപ്പെടെ വിവിധ പദ്ധതികളുടെ ശിലാസ്ഥാപനം.




കാസർഗോഡ്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജനയുടെ കീഴിൽ വരുന്ന പദ്ധതികൾക്കും ആലപ്പുഴ ജില്ലയിൽ ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെൻറ് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾക്കുമാണ് പ്രധാനമന്ത്രി ശിലാസ്ഥാപനം നടത്തിയത്. സംസ്ഥാനത്ത് ആകെ 287 കോടി രൂപ പദ്ധതിക്കായി ചെലവഴിക്കും. പദ്ധതി നടപ്പാകുന്നതോടെ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജനയുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ.

1. കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ഫിഷിംഗ് ഹാർബർ വിപുലീകരണം 70.53 കോടി. 30000 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കും. ഇതിൽ കേന്ദ്രവിഹിതമായ 42.30 കോടി രൂപയിൽ നിന്നും 10.58 കോടി രൂപ ഫിഷറീസ് ഡിപ്പാർട്മെന്റ് ഇതിനകം നൽകുകയും കേരള ഗവണ്മെന്റ് പദ്ധതി നടത്തിക്കൊണ്ടിരിക്കുന്നു. 18 മാസം കൊണ്ട് പണി പൂർത്തിയാകും.

2. മലപ്പുറം ജില്ലയിലെ പൊന്നാനി ഹാർബർ നവീകരണവും ആധുനികവൽകരണത്തിനുമായി 18.73 കോടി. 44572 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കും. ഇതിൽ കേന്ദ്രവിഹിതമായ 11.23 കോടി രൂപയിൽ നിന്നും 2.80 കോടി രൂപ ഫിഷറീസ് ഡിപ്പാർട്മെന്റ് ഇതിനകം നൽകുകയും കേരള ഗവണ്മെന്റ് പദ്ധതി നടത്തിക്കൊണ്ടിരിക്കുന്നു.

3. കോഴിക്കോട് ജില്ലയിലെ പുത്തിയാപ്പ ഹാർബർ നവീകരണവും ആധുനികവൽകരണത്തിനുമായി 16.06 കോടി. 24500 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കും. ഇതിൽ കേന്ദ്രവിഹിതമായ 9.63 കോടി രൂപയിൽ നിന്നും 2.40 കോടി രൂപ ഫിഷറീസ് ഡിപ്പാർട്മെന്റ് ഇതിനകം നൽകുകയും കേരള ഗവണ്മെന്റ് പദ്ധതി നടത്തിക്കൊണ്ടിരിക്കുന്നു. 18 മാസം കൊണ്ട് പണി പൂർത്തിയാകും.

4. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഹാർബർ നവീകരണവും ആധുനികവൽകരണത്തിനുമായി 20.90 കോടി. ഏകദേശം 20400 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കും. ഇതിൽ കേന്ദ്രവിഹിതമായ 12.54 കോടി രൂപയിൽ നിന്നും 3.13 കോടി രൂപ ഫിഷറീസ് ഡിപ്പാർട്മെന്റ് ഇതിനകം നൽകുകയും കേരള ഗവണ്മെന്റ് പദ്ധതി നടത്തിക്കൊണ്ടിരിക്കുന്നു. 18 മാസം കൊണ്ട് പണി പൂർത്തീകരിക്കും.

5. FIDF ഉപയോഗിച്ച് ആലപ്പുഴ ജില്ലയിലെ ആർത്തുങ്കൽ ഹാർബർ വികസനം (ബാക്കി പണികൾക്ക്) 161.00 കോടി രൂപയാണ് മുതൽമുടക്ക്. 27680 മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കും. ആർത്തുങ്കൽ ഹാർബർ വികസനത്തിനായി കേന്ദ്ര സർക്കാരിന് NABARD 150 കോടി രൂപ ലോൺ 3% പലിശ നിരക്കിൽ ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിലേക്ക് അനുവദിച്ചു. ഈ പദ്ധതി പൂർത്തിയാകുന്നതോടു കൂടി ഒരു വർഷത്തിൽ ഏകദേശം 9525 ടൺ മൽസ്യം ക്രയവിക്രയം നടക്കും എന്ന് പ്രതീക്ഷിക്കുന്നു .

വിവിധ സംസ്ഥാനങ്ങളിലായി നടപ്പിലാക്കുന്ന 77000 പരം കോടി രൂപയുടെ പദ്ധതികളുടെ ഉദ്ഘാടനവും/ തറക്കല്ലിടലും പ്രധാനമന്ത്രി ശ്രി നരേന്ദ്രമോദി മഹാരാഷ്ട്ടയിലെ പാൽഗറിൽ നടത്തി. ഇതിൽ 287.22 കോടി രൂപയുടെ പദ്ധതികൾ കേരളത്തിലാണ്. മത്സ്യബന്ധന ബോട്ടുകൾക്കു ഒരു ലക്ഷം വാർത്താവിനിമയ ഉപകരണങ്ങളും ട്രാൻസ്പോണ്ടറുകളും 364 കോടി രൂപ മുതൽ മുടക്കിൽ 9 തീരദേശ സംസ്ഥാനങ്ങൾക്കും നാല് കേന്ദ്ര ഭരണ പ്രദേശങ്ങളിലും വിതരണം ചെയ്യും. അതിൽ 2000 ട്രാൻസ്പോണ്ടറുകൾ ഇന്ന് വിതരണം ചെയ്തു.

കേന്ദ്രമന്ത്രിശ്രീ. ജോർജ് കുര്യനു പുറമെ കേന്ദ്രമന്ത്രിമാരായ. സർബനന്ദ് സോനോവാൾ, രാജീവ് രഞ്ജൻ സിംഗ്, എസ്പി സിംഗ് ബാഗേൽ, മഹാരാഷ്ട്ര മുഖ്യമന്ത്രി ഏകനാഥ് ഷിൻഡെ, മഹാരാഷ്ട്രാ ഗവർണർ സി പി രാധാകൃഷ്ണൻ, ഉപ മുഖ്യ മന്ത്രി അജിത് പവാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## ഇ.പി തെറിച്ചു; ടി.പി. രാമകൃഷ്ണൻ ഇടതുമുന്നണി കൺവീനർ

ടി.പി.രാമകൃഷ്ണൻ ഇടതുമുന്നണിയുടെ പുതിയ കൺവീനർ. ഇ.പിയെ മാറ്റാനുള്ള സെക്രട്ടേറിയറ്റ് തീരുമാനം സംസ്ഥാന സമിതി അംഗീകരിച്ചു. അതേസമയം, എൽഡിഎഫ് കൺവീനർ സ്ഥാനത്തെക്കുറിച്ച് പാർട്ടി അറിയിച്ചിട്ടില്ലെന്ന് ടി.പി.രാമകൃഷ്ണൻ. സംസ്ഥാന കമ്മിറ്റിക്കു ശേഷം അങ്ങനെ തീരുമാനമുണ്ടെങ്കിൽ അറിയിക്കും. പാർട്ടി ഏൽപിക്കുന്ന ജോലി ഏറ്റെടുക്കുകയാണ് പതിവെന്നും ടി.പി.രാമകൃഷ്ണൻ പറഞ്ഞു.

തിരഞ്ഞെടുപ്പു നാളിൽ പാർട്ടിയെ വൻ പ്രതിസന്ധിയിലേക്ക് തള്ളിവിട്ട കേന്ദ്രകമ്മിറ്റിയംഗം ഇ.പി.ജയരാജനെതിരെ കടുത്ത നടപടിയുമായി സിപിഎം. എൽഡിഎഫ് കൺവീനർ പദവിയിൽനിന്ന് ഇ.പി.ജയരാജനെ നീക്കി. ഇ.പി ജാവഡേക്കർ ദല്ലാൾ കൂടിക്കാഴ്ച വിവാദത്തിലാണ് നടപടി. സ്ഥാനമൊഴിയാൻ സംസ്ഥാന സെക്രട്ടറിയേറ്റിൽ സന്നദ്ധത അറിയിച്ചെങ്കിലും ഇപിയെ നീക്കാൻ തീരുമാനിക്കുകയായിരുന്നു.

ബിജെപി നേതാവുമായി കൂടിക്കാഴ്ച നടത്തിയത് പരസ്യമായി സമ്മതിച്ച ഈ പി ജയരാജനെ മുഖ്യമന്ത്രി അന്ന് തന്നെ തള്ളിയപ്പോൾ ജയരാജനെതിരെ നടപടി പ്രതീക്ഷിക്കുന്നതാണ്. ഒടുവിൽ പാർട്ടി ബ്രാഞ്ച് സമ്മേളനങ്ങൾ തുടങ്ങാൻ രണ്ടുദിവസം ശേഷിക്കെ ചേർന്ന സംസ്ഥാന സെക്രട്ടറിയേറ്റിൽ ജയരാജന് എതിരായ നടപടി ആലോചിക്കുകയായിരുന്നു. കൺവീനർ പദവി തെറിക്കും എന്ന് ഉറപ്പായതോടെ സ്വയം ഒഴിക്കാൻ ഇ പി സന്നദ്ധത അറിയിച്ചു. ഇക്കാര്യം ചൂണ്ടിക്കാട്ടി സംസ്ഥാന സെക്രട്ടറിയേറ്റിന് കത്ത് നൽകി. എന്നാൽ ഇ പി ജയരാജനെ നീക്കാൻ പാർട്ടി തീരുമാനിക്കുകയായിരുന്നു. തീരുമാനം ഉറപ്പായതോടെ ഇക്കാര്യം റിപ്പോർട്ട് ചെയ്യുന്ന സംസ്ഥാന സമിതിയിൽ പങ്കെടുക്കാതെ കണ്ണൂരിലേക്ക് മടങ്ങി. കണ്ണൂരിലെത്തിയ ഇ പി മാധ്യമങ്ങളുടെ പ്രതികരിച്ചുമില്ല. സ്ഥാനത്തുനിന്ന് നീക്കപ്പെട്ടതിന്റെ അമർഷം ഇ പിയുടെ മുഖഭാവത്തിൽ പ്രകടമായിരുന്നു.

നിർണായകമായ തെരഞ്ഞെടുപ്പ് ദിനം രാവിലെ ബിജെപി നേതാവുമായുള്ള കൂടിക്കാഴ്ച സ്ഥിരീകരിച്ച ഇ പി പാർട്ടിയെ വെട്ടിലാക്കിയെന്ന് നേതൃത്വത്തിൽ അന്നുതന്നെ അഭിപ്രായം ഉണ്ടായിരുന്നു. തെരഞ്ഞെടുപ്പ് അവലോകനത്തിന് ചേർന്ന് സംസ്ഥാന സമിതികളിൽ ജയരാജനെതിരെ കടുത്ത വിമർശനം ഉയർന്നിരുന്നു. ജയരാജനെ കൺവീനർ സ്ഥാനത്ത് നിന്നും നീക്കുമോ എന്ന ചോദ്യങ്ങൾക്ക് അതൊക്കെ പ്രത്യേകം പരിശോധിക്കും എന്നായിരുന്നു സംസ്ഥാന സെക്രട്ടറി എം ഗോവിന്ദന്റെ മറുപടി. പേരാമ്പ്ര എംഎൽഎയും സിപിഎമ്മിന്റെ പാർലമെന്ററി പാർട്ടി സെക്രട്ടറിയായ ടി പി രാമകൃഷ്ണൻ മുന്നണി കൺവീനർ ആക്കുന്നത്.

## മുകേഷ് രാജിവയ്ക്കേണ്ടതില്ല; ഏത് ഉന്നതനെയും നിയമത്തിന് മുന്നിൽ കൊണ്ടുവരും:

തിരുവനന്തപുരം: സിനിമ നയ രൂപീകരണത്തിനായി സമിതിയെ രൂപീകരിച്ചതായി സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. കോൺക്ലേവിനെതിരേ നിലപാടുകൾ ഉണ്ടായിട്ടുണ്ട്. ഇത് ചർച്ചചെയ്ത് മുന്നോട്ട് പോകുമെന്നും ഗോവിന്ദൻ വ്യക്തമാക്കി.

റിപ്പോർട്ട് പൂർണമായി പുറത്തുവിടരുതെന്ന് ജസ്റ്റിസ് ഹേമ തന്നെ ആവശ്യപ്പെട്ടു. സ്വകാര്യതയെ ബാധിക്കുന്ന വിവരങ്ങൾ റിപ്പോർട്ടിൽ ഉള്ളതിനാലായിരുന്നു ഇത്.

ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കും. ഭരണപക്ഷ എംഎൽഎയ്ക്ക് എതിരേ ഉൾപ്പെടെ കേസെടുത്ത് മുന്നോട്ട് പോകുന്ന സർക്കാരണ് ഇത്. ഈ സർക്കാർ രാജ്യത്തിന് തന്നെ മാതൃകയാണെന്നും അദ്ദേഹം പറഞ്ഞു.

മുകേഷിന്റെ രാജിയെ സംബന്ധിച്ചുള്ള ഗൗരവകരമായ ചർച്ചയാണ് ഇവിടെ നടക്കുന്നത്. 16 എംപിമാരും135 എംഎൽഎമാരും രാജ്യത്ത് സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ പ്രതികളാണ്. അവർ ആരും ഈ സ്ഥാനം രാജിവച്ചിട്ടില്ല.

കേരളത്തിൽ ഇപ്പോളും രണ്ട് എംഎൽഎമാർക്ക് എതിരായി കേസുകളുണ്ട്. അതിൽ ഒരാൾ ജയിലിൽ ഉൾപ്പെടെ കിടക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ കേരളത്തിൽ ഇത്തരം ആരോപണം നേരിടേണ്ടിവന്ന കോൺഗ്രസ് നേതാക്കൾ ആരും സ്ഥാനം രാജിവച്ചിട്ടില്ല.

കുഞ്ഞാലിക്കുട്ടി, നീലലേഹിതദാസൻ നാടാർ , പി.ജെ. ജോസഫ് എന്നിവർ കേസിൽ പ്രതിയായിരുന്നപ്പോൾ മന്ത്രിസ്ഥാനമാണ് രാജിവച്ചിരുന്നത്. അവർ ആരും എംഎൽഎ സ്ഥാനം രാജിവച്ചില്ല.

കുറ്റം ആരോപിക്കപ്പെട്ടയാൾ എംഎൽഎ സ്ഥാനം രാജിവച്ചാൽ പിന്നീട് നിരപരാധിയാണെന്ന് തെളിഞ്ഞാൽ അവരെ തിരിച്ചെടുക്കുന്നതിന് നിയമമില്ല. അത്തരമൊരു നിലപാട് സാമാന്യ നീതി നിഷേധിക്കലാണ്. അതിനാൽ ഇക്കാര്യത്തിലും അത്തരം നിലപാട് സ്വീകരിക്കാനാവില്ലെന്ന് ഗോവിന്ദൻ വ്യക്തമാക്കി.

എന്നാൽ ഇതുമായി ബന്ധപ്പെട്ട സമിതിയിൽ ഇവർ അംഗമായി ഇരിക്കുന്നത് ശരിയല്ലെന്നാണ് പാർട്ടി നിലപാട്. നീതി എല്ലാവർക്കും ലഭ്യമാകണമെന്നാണ് പാർട്ടി നിലപാട്. എംഎൽഎ എന്ന നിലയിൽ അന്വേഷണത്തിൽ യാതൊരു പരിഗണനയും ലഭിക്കില്ല. ഏത് ഉന്നതെനെയും നിയമത്തിന് മുന്നിൽ കൊണ്ടുവരും എന്നും അദ്ദേഹം പറഞ്ഞു.

## കൊല്ലത്ത് കടലിൽ കുളിക്കാനിറങ്ങിയ യുവാവിനെ കാണാതായി

കൊല്ലം: കടലിൽ കുളിക്കാനിറങ്ങിയ യുവാവിനെ കാണാതായി. തിരുവല്ലവാരം പാപനാശത്തിന് സമീപം ഉച്ചയ്ക്ക് രണ്ടിനാണ് സംഭവം. നിമ്രോത്ത് ( 20 ) നെയാണ് കാണാതായത്.

കൊല്ലം ഫാത്തിമ മാതാ കോളജിലെ മൂന്നാം വർഷ ബിരുദ വിദ്യാർഥിയാണ് നിമ്രോത്ത്. സുഹൃത്തുക്കൾക്കൊപ്പമാണ് ഇയാൾ കടലിൽ കുളിക്കാനിറങ്ങിയത്.

ഇതിനിടെ യുവാവിനെ കാണാതാകുകയായിരുന്നു. സ്കൂബ ടീമും പോലീസും ഫയർഫോഴ്സും സ്ഥലത്ത് തെരച്ചിൽ നടത്തുകയാണ്.

## പട്ടയ കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ നടപടി: റവന്യൂ മന്ത്രി

കാലങ്ങളായി തീർപ്പാകാതെ നിൽക്കുന്ന പട്ടയ കേസുകൾ പൂർണമായും ഈ സർക്കാരിന്റെ കാലത്ത് തന്നെ തീർപ്പാക്കുമെന്ന് റവന്യു മന്ത്രി കെ രാജൻ. പട്ടയം, ഭൂമി തരംമാറ്റം, ഡിജിറ്റൽ സർവെ എന്നിവ സംബന്ധിച്ച ജില്ലാ കളക്ടർമാരുടെയും സബ് കളക്ടർമാർ, ഡെപ്യൂട്ടി കളക്ടർമാരുടെയും അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഏകദേശം 40,000ത്തോളം പട്ടയ കേസുകളാണ് സംസ്ഥാനത്ത് ഇനിയും തീർപ്പാക്കാനുള്ളത്. പഴയകാലത്ത് നിയമപരമായ അറിവില്ലായ്മ കൊണ്ടോ, വ്യവഹാരങ്ങളിലെ താല്പര്യക്കുറവുകൊണ്ടോ ആണ് പലതും തീർപ്പാകാതെ കിടക്കുന്നത്. കേസുകളുടെ തൽസ്ഥിതി പരിശോധിക്കണം. ഇതിനായി എൽ ആർ ഡെപ്യൂട്ടി കളക്ടർമാർ, എൽടി തഹസിൽദാർമാർ എന്നിവരുടെ യോഗം ചേരാൻ മന്ത്രി ജില്ലാ കളക്ടർമാരോട് നിർദ്ദേശിച്ചു.

പട്ടയ അപേക്ഷകളിൽ ഒഴിവാക്കപ്പെട്ട ആളുകളിൽ അർഹരായവർ ഉണ്ടോ എന്ന പരിശോധനകൾ നടത്താനും മന്ത്രി നിർദ്ദേശിച്ചു. ഭൂമി പതിച്ചുനൽകുന്നതിലേക്കായി തനത് ഭൂമി, സംരക്ഷിത ഭൂമി എന്നിവയുടെ അധികാര കൈമാറ്റത്തിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉറപ്പ് ലഭ്യമായിട്ടുണ്ട്. ഇവയിൽ തുടർ നടപടികളുണ്ടാകും. ജില്ലകളിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെട്ടവർക്കുള്ള പട്ടയങ്ങളുടെ വിതരണം സർക്കാരിന്റെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി നടത്തും. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം സെപ്തംബർ 12ന് കളമശേരിയിൽ നടക്കും.

ഭൂമി തരംമാറ്റം സംബന്ധിച്ച നടപടികളിൽ ഏജന്റുമാരുടെ ഇടപെടലുകളില്ലാതിരിക്കാൻ ജാഗ്രത വേണമെന്ന് മന്ത്രി നിർദ്ദേശിച്ചു. രണ്ടാഴ്ചയിലൊരിക്കൽ ഭൂമി തരംമാറ്റം ചുമതലയുള്ള ഡെപ്യൂട്ടി കളക്ടർമാരുടെ അവലോകന യോഗം ചേരണം. ഡിജിറ്റൽ റീ സർവെ പ്രക്രിയയുടെ പുരോഗതി സർവെ ഡയറക്ടർ സീറാം സാംബശിവ റാവു ഓൺലൈനിൽ വിവരിച്ചു. തുടർന്നുള്ള മാസങ്ങളിൽ നോഡൽ ഓഫീസർമാരുടെ അവലോകന യോഗം ചേരും. ഡിജിറ്റൽ റീ സർവെ പൂർത്തിയായ വില്ലേജുകളിലെ കരട് റിപ്പോർട്ട് അതത് പ്രദേശങ്ങളിലെ ഭൂവുടമകൾ കണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് മന്ത്രി കെ രാജൻ ഉദ്യോഗസ്ഥരോട് പറഞ്ഞു.



# നഴ്സസ് ക്ഷേമനിധി സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

കേരള ഗവൺമെന്റ് നഴ്സസ് ആൻഡ് പബ്ലിക് ഹെൽത്ത് നഴ്സസ് ക്ഷേമനിധിയിലെ അംഗങ്ങളുടെ കുട്ടികൾക്കുള്ള ക്യാഷ് അവർഡിനും സ്കോളർഷിപ്പിനും അപേക്ഷ ക്ഷണിച്ചു. സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, ടി.എച്ച്.എസ്.എൽ.സി, വി.എച്ച്.എസ്.സി, എസ്.എസ്.എൽ.സി പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എപ്ലസ് നേടിയ ക്ഷേമനിധിയിലെ അംഗങ്ങളുടെ കുട്ടികൾക്കാണ് ക്യാഷ് അവാർഡ്. പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ മൂന്നു മാസത്തിനകം ഇതിനുള്ള അപേക്ഷ നിശ്ചിത ഫോമിൽ ജില്ല എം.സി.എച്ച് ഓഫീസർ വഴിയോ ഡിസ്ട്രിക്ട് നഴ്സിംഗ് ഓഫീസർ വഴിയോ നേരിട്ടോ ക്ഷേമനിധി സെക്രട്ടറിക്ക് ലഭിക്കണം. വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നതിന് ഗവൺമെന്റ് നടത്തിയ എൻട്രൻസ് പരീക്ഷയിലൂടെ സർക്കാർ ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്ന കുട്ടികൾക്കും ഗവൺമെന്റ് നഴ്സിംഗ് സ്കൂളുകളിലും ഗവൺമെന്റ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സ്കൂളുകളിലും പ്രവേശനം ലഭിക്കുന്ന കുട്ടികൾക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാം. അഡ്മിഷൻ കിട്ടി മൂന്ന് മാസത്തിനകമോ നവംബർ 30 ന് അകമോ നിശ്ചിത ഫോമിൽ അപേക്ഷ നൽകണം. കോഴ്സ് തീരുന്നതുവരെ ഓരോ വർഷവും സ്കോളർഷിപ്പ് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് സെക്രട്ടറി, നഴ്സസ് ക്ഷേമനിധി, ഹോളി ഏഞ്ചൽസ് കോൺവെന്റിന് എതിർവശം, തിരുവനന്തപുരം 1 എന്ന വിലാസത്തിൽ ബന്ധപ്പെടണം. ഫോൺ : 04713591990.

# അധ്യാപക നിയമനം

അരുവിക്കര സർക്കാർ ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ഇംഗ്ലീഷ് അധ്യാപക തസ്തികയിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അഭിമുഖം സെപ്റ്റംബർ അഞ്ചിന് രാവിലെ 10ന് നെടുമങ്ങാട് മഞ്ച സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ നടക്കും. ഹയർ സെക്കൻഡറി തലത്തിൽ ഇംഗ്ലീഷ് ക്ലാസുകൾ കൈകാര്യം ചെയ്യാൻ യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പുകളും ബയോഡേറ്റയും സഹിതം അഭിമുഖത്തിന് നേരിട്ട് ഹാജരാകണം. ഫോൺ: 0472 2812686, 9605168843, 9400006460.

# സംയോജിത പഞ്ചവത്സര എൽ.എൽ.ബി പ്രവേശനം: അപാകതകൾ പരിഹരിക്കുന്നതിന് അവസരം

202425 അധ്യയന വർഷത്തെ പഞ്ചവത്സര, ത്രിവത്സര എൽ.എൽ.ബി കോഴ്സിലേക്കുള്ള പ്രവേശനത്തിനുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയിൽ പങ്കെടുത്ത വിദ്യാർഥികൾക്ക് പ്രൊഫൈലിലെ വിവരങ്ങൾ പരിശോധിക്കുന്നതിനും ന്യൂനതകൾ തിരുത്തുന്നതിനും സെപ്റ്റംബർ നാലിന് വൈകിട്ട് നാലു വരെ അവസരമുണ്ട്. അപേക്ഷയിൽ ന്യൂനതകൾ ഉള്ള വിദ്യാർഥികൾക്ക്, ആവശ്യമായ സർട്ടിഫിക്കറ്റുകൾ / രേഖകൾ എന്നിവ ംwww.cee.kerala.gov.in ലൂടെ അപ്‌ലോഡ് ചെയ്യാം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിലെ വിജ്ഞാപനത്തിലുണ്ട്. ഹെൽപ് ലൈൻ നമ്പർ: 04712525300.

# സൈക്കോളജി അപ്രന്റീസ്

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കേരള സർക്കാർ ആവിഷ്കരിച്ച ജീവനി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ താൽക്കാലിക സൈക്കോളജി അപ്രന്റീസുമാരെ നിയമിക്കുന്നു. റഗുലർ പഠനത്തിലൂടെ സൈക്കോളജിയിൽ ബിരുദാനന്തര ബിരുദം നേടിയവർ സെപ്റ്റംബർ രണ്ടിന് രാവിലെ 11 ന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് പ്രിൻസിപ്പൽ മുമ്പാകെ അഭിമുഖത്തിനെത്തണം. ജീവനിയിലെ പ്രവൃത്തി പരിചയം, ക്ലിനിക്കൽ / കൗൺസലിങ് മേഖലയിലെ പ്രവൃത്തി പരിചയം, അധിക വിദ്യാഭ്യാസ യോഗ്യത / അക്കാദമിക മികവ്, അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള കൗൺസലിങ് ഡിപ്ലോമ എന്നിവ അഭിലഷണീയ യോഗ്യതകളാണ്.

# പി.ജി. മെഡിക്കൽ പ്രവേശനം: സർട്ടിഫിക്കറ്റുകൾ കരുതണം

2024 ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ ഉടൻ ആരംഭിക്കും. പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്ന സംവരണ വിഭാഗത്തിലെ വിദ്യാർഥികൾ സംവരണ ആനുകൂല്യം ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ മുൻകൂട്ടി വാങ്ങി സൂക്ഷിക്കണം. കൃത്യമായ സമയത്ത് ഓൺലൈൻ അപേക്ഷയോടൊപ്പം ഇവ അപ്‌ലോഡ് ചെയ്യണം. പട്ടികജാതി / പട്ടികവർഗ വിഭാഗങ്ങൾ തഹസീൽദാർ നൽകുന്ന സർട്ടിഫിക്കറ്റ്, എസ്ഇബിസി / ഒഇസി വിഭാഗക്കാർ കേരള സർക്കാർ പഠനാവശ്യങ്ങൾക്കായി നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്ന വിദ്യാഭ്യാസ / ഫീസ് ആനുകൂല്യങ്ങൾക്ക് വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റിൽ ജനന സ്ഥലം രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ നേറ്റിവിറ്റി തെളിയിക്കുന്നതിനായി വില്ലേജ് ഓഫീസർ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ് (ഇതിൽ ജനന സ്ഥലം രേഖപ്പെടുത്തിയിരിക്കണം), മൈനോറിറ്റി ക്വാട്ടാ സീറ്റിലേക്ക് പരിഗണിക്കുന്നതിനായി എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ ജാതി / സമുദായം രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന ജാതി / സമുദായ സർട്ടിഫിക്കറ്റ് തുടങ്ങിയവ കരുതണം. വിശദവിവരങ്ങൾക്ക്: www.cee.kerala.gov.in, ഹെൽപ് ലൈൻ നമ്പർ: 0471 2525300.

# കിറ്റ്സിൽ സ്പോട്ട് അഡ്മിഷൻ

സംസ്ഥാന ടൂറിസം വകുപ്പിന്റെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കിറ്റ്സിൽ എം.ബി.എ (ട്രാവൽ ആന്റ് ടൂറിസം) കോഴ്സിൽ ഒഴിവുള്ള സീറ്റിലേക്ക് സെപ്റ്റംബർ 4, 5 തീയതികളിൽ സ്പോട്ട് അഡ്മിഷൻ നടത്തും. അംഗീകൃത സർവകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ 50 ശതമാനം മാർക്കോടു കൂടിയ ഡിഗ്രി ഉള്ളവർക്ക് അഡ്മിഷനിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: www.kittsedu.org, 9446529467, 9447079763, 0471-2327707, 0471-2329468.

# നിയമസഭാ സമിതി തെളിവെടുക്കും

കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ ക്ഷേമം സംബന്ധിച്ച സമിതി സെപ്റ്റംബർ 5ന് രാവിലെ 10.30 ന് എറണാകുളം ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. സമിതിയുടെ പരിഗണനയിലുള്ളതും എറണാകുളം ജില്ലയിൽ നിന്ന് ലഭിച്ചതുമായ പരാതികളിൽ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുക്കും. പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ നേരിടുന്നതും സമിതിയുടെ അധികാര പരിധിയിലുള്ളതുമായ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും പരാതികൾ, നിവേദനങ്ങൾ സ്വീകരിക്കും. തുടർന്ന് പട്ടികജാതി പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ സന്ദർശിക്കും.

സമിതി മുൻപാകെ ഹർജികളും നിവേദനങ്ങളും നൽകാൻ താത്പര്യമുള്ള വ്യക്തികൾക്കും സംഘടനാ പ്രതിനിധികൾക്കും സമിതി അദ്ധ്യക്ഷയെ അഭിസംബോധന ചെയ്ത് തയ്യാറാക്കിയ ഹർജികൾ, നിവേദനങ്ങൾ യോഗത്തിൽ നേരിട്ട് സമർപ്പിക്കാം.

# ബി.ടെക് ലാറ്ററൽ എൻട്രി സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം എൽ ബി എസ് സെന്ററിന്റെകീഴിൽ പ്രവർത്തിക്കുന്ന പൂജപ്പുര എൽ.ബി.എസ് വനിത എൻജിനിയറിംഗ് കോളജിലെ ഒഴിവുള്ള ബി.ടെക് ലാറ്ററൽ എൻട്രി സീറ്റുകളിലേക്ക് സെപ്റ്റംബർ 2ന് സ്പോട്ട് അഡ്മിഷൻ നടത്തും. പോളിടെക്നിക് ഡിപ്ലോമയിൽ യോഗ്യത നേടിയ വിദ്യാർഥികൾക്കും അന്നേ ദിവസം പകൽ 10 മണിക്ക് എല്ലാ അസൽ സർട്ടിഫിക്കറ്റുകളുമായി നേരിട്ട് കോളജിൽ ഹാജരാകാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 9895983656/ 9995595456/9447329978.

# ഒന്നാം വർഷ ഡിപ്ലോമ കോഴ്സുകളുടെ ഉദ്ഘാടനം

പൂജപ്പുര എൽ.ബി.എസ് വനിതാ എൻജിനിയറിംഗ് കോളജിൽ 202425 അധ്യയന വർഷം അനുവദിച്ച പോളിടെക്നിക് കോളജിലെ ഒന്നാം വർഷ കോഴ്സുകളുടെ ഉദ്ഘാടനം സെപ്റ്റംബർ 3ന് രാവിലെ 9.30 ന് പൊതുവിദ്യാഭാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ.ബിന്ദു നിർവഹിക്കും. ചടങ്ങിൽ മേയർ ആര്യാ രാജേന്ദ്രൻ വിശിഷ്ടാതിഥി ആയിരിക്കും. സിവിൽ എൻജിനിയറിംഗ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനിയറിംഗ്, കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിംഗ് എന്നീ ശാഖകളിലേക്കാണ് എ.ഐ.സി.ടി.ഇ, സർക്കാർ അംഗീകാരത്തോടുകൂടി ഈ അധ്യയനവർഷം പ്രവേശനംനടത്തിയത്.

# നോമിനേഷനുകൾ സമർപ്പിക്കേണ്ട തീയതി നീട്ടി

ഭിന്നശേഷിയുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ നൈപുണ്യം തെളിയിച്ച വ്യക്തികൾ, സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്കായി സാമൂഹ്യനീതി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാന ഭിന്നശേഷി അവാർഡ് 2024 നുള്ള നോമിനേഷനുകൾ ലഭ്യമാക്കേണ്ട അവസാന തീയതി സെപ്റ്റംബർ 12 വരെ നീട്ടി. അവാർഡ് നോമിനേഷനുകൾ ലഭ്യമാക്കേണ്ടത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ www.swdkerala.gov.in ൽ ലഭ്യമാണ്.

# ശാരദ മുരളീധരൻ ചീഫ് സെക്രട്ടറിയായി ചുമതലയേറ്റു

കേരളത്തിന്റെ പുതിയ ചീഫ് സെക്രട്ടറിയായി ശാരദ മുരളീധരൻ ചുമതലയേറ്റു. ഭർത്താവ് ഡോ. വി. വേണുവിൽ നിന്നാണ് ശാരദ മുരളീധരൻ സ്ഥാനം ഏറ്റെടുത്തത്. നവകേരളം പദ്ധതി അടുത്ത വർഷം മാർച്ച് മാസത്തിനകം പൂർത്തിയാക്കേണ്ടതിനാൽ വിവിധ വകുപ്പുകൾ ഏകോപനത്തോടെ പ്രവർത്തിക്കേണ്ടതുണ്ടെന്ന് പുതിയ ചീഫ് സെക്രട്ടറി ചുമതലയേറ്റെടുത്ത ശേഷം പറഞ്ഞു. സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതികളെ അതിജീവിച്ച് നല്ല രീതിയിൽ വികസനത്തിൽ മുന്നേറാൻ സംസ്ഥാനത്തിന് സാധിക്കേണ്ടതുണ്ട്.

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ വലിയ ദുരന്തനിവാരണ ദൗത്യം ഏറ്റെടുത്തിരിക്കുകയാണ്. ഇതിന്റെ പ്രവർത്തനം കൃത്യമായി നടപ്പാക്കി സർക്കാരിന്റെ ദൗത്യം സാക്ഷാത്ക്കരിക്കും. ചീഫ് സെക്രട്ടറിയുടെ ഓഫീസിന് തന്റെ മുൻഗാമികൾ കൊണ്ടുവന്ന ചില മൂല്യങ്ങളുണ്ട്. ജനകീയമായ, ജനസൗഹൃദമായ ഓഫീസായി അത് പരിണമിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥർക്കും സാധാരണക്കാർക്കും പ്രശ്നപരിഹാരത്തിനുള്ള ഇടമായി ചീഫ് സെക്രട്ടറിയുടെ ഓഫീസ് തുടർന്നും പ്രവർത്തിക്കുമെന്ന് ശാരദ മുരളീധരൻ പറഞ്ഞു. ഉന്നത ഉദ്യോഗസ്ഥർ, ജീവനക്കാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# പ്ലസ് വൺ പ്രവേശന തീയതികൾ നീട്ടി

സ്കോൾ കേരള മുഖേന 202426 ബാച്ചിലേക്കുള്ള ഹയർസെക്കൻഡറി കോഴ്സുകളുടെ ഒന്നാം പ്രവേശന തീയതികൾ ദീർഘിപ്പിച്ചു. പിഴയില്ലാതെ സെപ്റ്റംബർ 7 വരെയും 60 രൂപ പിഴയോടെ സെപ്റ്റംബർ 13 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ഓൺലൈൻ രജിസ്ട്രേഷൻ മാർഗ്ഗനിർദേശങ്ങൾക്ക് www.scolekerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഓൺലൈനായി ഇതിനകം രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ അപേക്ഷയുടെ പ്രിന്റ് ഔട്ടും, അനുബന്ധ രേഖകളും രണ്ട് ദിവസത്തിനകം ജില്ലാ ഓഫീസുകളിൽ നേരിട്ടോ തപാൽ മാർഗ്ഗമോ എത്തിക്കേണ്ടതാണ്. അന്വേഷണങ്ങൾക്ക് സംസ്ഥാന, ജില്ലാ ഓഫീസുകളിലെ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

# മസ്റ്ററിങ് നടത്തണം

കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്ന് 2023 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ സർക്കാർ അംഗീകൃത പെൻഷൻ സൈറ്റ് വഴി സെപ്റ്റംബർ 30 നകം മസ്റ്ററിങ് പൂർത്തിയാക്കണം




സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ സംഘടിപ്പിച്ച പോക്സോ ആക്ട് സംസ്ഥാനതല കർത്തവ്യ വാഹകരുടെ യോഗത്തിൽ ഹൈക്കോടതി ജസ്റ്റിസ് എസ്. മനു സംസാരിക്കുന്നു

# പോക്സോ കേസ്: ബന്ധപ്പെട്ടവർ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുന്നുവെന്ന് ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉറപ്പുവരുത്തണം

പോക്സ് കേസിൽ ഇരയായ കുട്ടികൾക്ക് ആവശ്യമായ പിന്തുണയും സഹായവും നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളും കോടതി വിധികളും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ, കോടതികൾ, പോലീസ് ഉദ്യോഗസ്ഥർ തുടങ്ങി ഇതുമായി ബന്ധപ്പെട്ട സമൂഹം അറിയുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ബാലാവകാശ സംരക്ഷണ കമ്മീഷൻ മുൻകൈ എടുക്കണമെന്ന് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എസ്. മനു പറഞ്ഞു. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ തിരുവനന്തപുരത്ത് സംഘടിപ്പിച്ച പോക്സോ ആക്ട് സംസ്ഥാനതല കർത്തവ്യവാഹകരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കുട്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് വലിയ വെല്ലുവിളിയാണ്. ഇരയായ കുട്ടികളോട് പെരുമാറുന്നതും പുനരധിവസിപ്പിക്കുന്നതും സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ട വിഷയമാണ്. ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഇതുവരെ നടപടിയായിട്ടില്ല. കുട്ടികൾക്കിടയിൽ ഇതിനെക്കുറിച്ച് അവബോധം സൃഷ്ടിക്കേണ്ടതുണ്ട്. വിഷയം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം നേരത്തെ തന്നെ കോടതിയുടെ ഭാഗത്തുനിന്ന് ഉണ്ടായി. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കൂടുതൽ വ്യക്തതയും ഫലപ്രാപ്തിയും കാണാനുള്ള ശ്രമങ്ങൾ ബാലാവകാശ കമ്മീഷന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾ കടന്നുപോകുന്ന മാനസികാവസ്ഥ കഠിനമാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ കെ. വി. മനോജ്കുമാർ പറഞ്ഞു. കേസുമായി ബന്ധപ്പെട്ട തുടർ നടപടികൾ ഇരകളിലും അവരുടെ കുടുംബങ്ങളിലും വലിയ ആഘാതം ഉണ്ടാക്കുന്നതായി അദ്ദേഹം അഭിപ്രായപ്പെട്ടു. ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകൻ അഡ്വ. ജോൺ എസ്. റാൽഫ് മുഖ്യപ്രഭാഷണം നടത്തി. കമ്മീഷൻ അംഗങ്ങൾ, ഉദ്യോഗസ്ഥർ, കർത്തവ്യവാഹകർ എന്നിവർ സംബന്ധിച്ചു.

# യുഎഇയിലെ പൊതുമാപ്പ്: നോർക്ക റൂട്സ് ഹെൽപ്പ് ഡെസ്ക് ഒരുക്കും

സെപ്റ്റംബർ ഒന്നു മുതൽ രണ്ടുമാസത്തേക്ക് യുഎഇയിലെ അനധികൃത താമസക്കാർക്കുള്ള പൊതുമാപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ മലയാളി പ്രവാസികൾക്കായി ഹെൽപ്പ് ഡെസ്ക് ഒരുക്കാൻ തീരുമാനിച്ചു. നോർക്ക റൂട്സിന്റെയും ലോക കേരള സഭ സെക്രട്ടേറിയറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ നടന്ന ലോക കേരള സഭ പ്രതിനിധികളുടെ ഓൺലൈൻ യോഗത്തിലാണ് തീരുമാനമെടുത്തത്. പരമാവധി മലയാളികളിലേക്ക് പൊതുമാപ്പിന്റെ ഗുണഫലങ്ങൾ എത്തിക്കുക, അപേക്ഷ സമർപ്പിക്കാനും രേഖകൾ തയാറാക്കാനും സഹായിക്കുക, നാട്ടിലേക്ക് തിരിച്ചു വരാൻ താല്പര്യമുള്ളവർക്ക് യാത്രാസഹായം ഉൾപ്പെടെ പ്രവാസികളുടെ സഹായത്തോടെ നൽകുക എന്നിവയാണ് പ്രവാസി സമൂഹം ചെയ്തു വരുന്നത്.അത്തരം പ്രവർത്തനങ്ങൾ സർക്കാരുമായും നോർക്കയുമായും എകോപിപ്പിക്കുന്നതിനാണ് ലോക കേരള സഭ പ്രതിനിധികളുടെ ഹെൽപ് ഡെസ്ക് രൂപീകരിച്ചത്. നോർക്ക വകുപ്പ് സെക്രട്ടറി ഡോ. കെ. വാസുകി, നോർക്ക റൂട്സ് സിഇഒ അജിത് കൊളശേരി, ലോക കേരള സഭ സെക്രട്ടേറിയറ്റ് പ്രതിനിധികൾ, ലോക കേരള സഭ അംഗങ്ങൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# കാസ്പ് പദ്ധതിയിൽ വ്യാജമായി പേര് ചേർക്കുന്നവർക്കെതിരെ കർശന നടപടി: മന്ത്രി വീണാ ജോർജ്

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (കാസ്പ്) വ്യാജമായി പേര് ചേർക്കുന്നവർക്കെതിരെയും വ്യാജ കാർഡുണ്ടാക്കി വിതരണം നടത്തുന്നവർക്കെതിരേയും കർശന നടപടി സ്വീകരിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഇത്തരം കാർഡുകൾ ഉപയോഗിച്ചാൽ ചികിത്സാ ആനുകൂല്യം ലഭിക്കില്ല. സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയാണ് കാസ്പ്. പദ്ധതിയിൽ അംഗങ്ങളായ 581 സർക്കാർ, സ്വകാര്യ ആശുപത്രികളിലൂടെയാണ് സൗജന്യ ചികിത്സ ലഭ്യമാക്കി വരുന്നത്. ഇത്തരത്തിൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സജ്ജമാക്കിയിട്ടുള്ള കാസ്പ് കിയോസ്ക്കുകൾ മുഖേന മാത്രമാണ് പദ്ധതിയുടെ അനുബന്ധ സേവനങ്ങൾ ലഭ്യമാകുന്നത്. എന്നാൽ അനധികൃതമായി പ്രാദേശികമായി സംഘടിപ്പിക്കുന്ന ക്യാമ്പുകൾ മുഖേന പുതിയ അംഗങ്ങളെ ചേർക്കുന്നുവെന്നും, കാർഡ് പുതുക്കി നൽകുന്നുവെന്നും, തെറ്റായ സന്ദേശം പ്രചരിപ്പിച്ച് വ്യാജ കാർഡ് പ്രിന്റ് ചെയ്ത് നൽകി പണം കൈപ്പറ്റുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ കാർഡുകൾ പ്രിന്റ് ചെയ്തു നൽകുന്നത് നിയമവിരുദ്ധമാണെന്നും മന്ത്രി വ്യക്തമാക്കി.

പദ്ധതിയിൽ ഗുണഭോക്താക്കളെ പുതുതായി ഉൾപെടുത്താനോ കാർഡ് പ്രിന്റ് ചെയ്ത് നൽകാനോ പദ്ധതി നടത്തിപ്പ് ചുമതലയുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയോ സർക്കാരോ മറ്റാരേയും ചുമതലപ്പെടുത്തിയിട്ടില്ലെന്ന് മന്ത്രി അറിയിച്ചു. സർക്കാരിന്റെ അനുമതിയില്ലാതെ ഇത്തരം ഏജൻസികൾ നടത്തുന്ന നിയമവിരുദ്ധമായ എൻറോൾമെന്റ് ക്യാമ്പുകളിൽ പങ്കെടുക്കരുത്. പണം നൽകി കാർഡ് പ്രിന്റ് ചെയ്ത് വഞ്ചിക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കണമെന്നും മന്ത്രി അറിയിച്ചു.

# ലോക കേരള സഭാ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നു

ലോക കേരള സഭയുടെ നാലാം സമ്മേളനത്തിൽ ലഭിച്ച ശുപാർശകൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ആദ്യ യോഗം മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ഓൺലൈനായി നടന്നു. ക്രിയാത്മകമായ നിർദേശങ്ങൾ പ്രൊപ്പോസലാക്കി ലോക കേരള സഭ സെക്രട്ടേറിയറ്റിൽ സ്റ്റാന്റിംഗ് കമ്മിറ്റി സമർപ്പിക്കും. തുടർന്ന് ഇവ സർക്കാരിന്റെ പരിഗണനയ്ക്കായി നൽകും. പ്രൊപ്പോസലുകൾ സമയബന്ധിതമായി തയാറാക്കുന്നതിനുള്ള ഏകോപന ചുമതല ലോക കേരള സഭ സെക്രട്ടേറിയറ്റ് ഡയറക്ടർ ആസിഫ് കെ യൂസഫ് നിർവഹിക്കും. നോർക്ക വകുപ്പ് സെക്രട്ടറി ഡോ. കെ. വാസുകി ചെയർപേഴ്സണായ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രവാസി പ്രതിനിധികൾ ഉൾപ്പെടെ 18 അംഗങ്ങളുണ്ട്.

# ഹേമ കമ്മിറ്റി റിപ്പോർട്ട് ; മാധ്യമങ്ങളെ കാണുന്നത് ചിലർ വിലക്കി: ബി. ഉണ്ണിക്കൃഷ്ണൻ

കൊച്ചി: ഹേമ കമ്മിറ്റി റിപ്പോർട്ടിലെ പരാമർശങ്ങളേക്കുറിച്ച് ഫെഫ്ക സംഘടനയിലെ ഓരോ അംഗവും കൃത്യമായി വിലയിരുത്തണമെന്ന് സംഘടനാ ജനറൽ സെക്രട്ടറി ബി. ഉണ്ണിക്കൃഷ്ണൻ. റിപ്പോർട്ട് പുറത്തുവന്നതിനു പിന്നാലെ സിനിമാ മേഖലയിലെ എല്ലാ സംഘടനകളും ചേർന്ന് മാധ്യമങ്ങളെ കാണാനുള്ള നീക്കം നടന്നിരുന്നു.

എന്നാൽ അമ്മയിലെ ചില അംഗങ്ങൾ എതിർത്തതു മൂലമാണ് അത് നടക്കാതെ പോയതെന്നും അദ്ദേഹം പറഞ്ഞു. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ മുഴുവൻ പേരുകളും പുറത്തുവരണം. കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കണം. ഫെഫ്കയുടെ അംഗങ്ങൾക്കെതിരെയും ആരോപണങ്ങൾ വരുന്നുണ്ട്.

ഇക്കാര്യത്തിൽ മുൻനിലപാട് തന്നെയാണ് സംഘടനയ്ക്ക് ഉള്ളതെന്നും ഉണ്ണിക്കൃഷ്ണൻ വ്യക്തമാക്കി. ഹേമ കമ്മിറ്റിയുമായി ബന്ധപ്പെട്ട് ഫെഫ്കയിലെ വിവിധ സംഘടനകളുടെ യോഗം നടന്നു വരികയാണ്. ഇതിനകം നാലു സംഘടനകളുടെ യോഗം കഴിഞ്ഞു.

ഓരോ യൂണിയനും റിപ്പോർട്ടിലെ പരാമർശങ്ങളെക്കുറിച്ച് വിശകലനം നടത്തും. അതിനുശേഷം അവ ക്രോഡീകരിച്ച് റിപ്പോർട്ട് തയാറാക്കും. റിപ്പോർട്ട് ഉടൻ തന്നെ മുഖ്യമന്ത്രിക്ക് കൈമാറുമെന്നും ബി. ഉണ്ണിക്കൃഷ്ണൻ പറഞ്ഞു.



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള ഓൾ ഇന്ത്യ ലായേഴ്സ് യൂണിയൻ സംസ്ഥാന കമ്മിറ്റിയുടെ വിഹിതമായ 51,40,000 രൂപ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു

# ഓണം സ്പെഷൽ ട്രെയിൻ ഞായറാഴ്ച മുതൽ; ഗരീബ് രഥ് കോച്ചുകൾ പൊടിതട്ടി ഓടിക്കും

കൊല്ലം: ഗരീബ് രഥ് കോച്ചുകൾ പൊടിതട്ടി മിനുക്കിയെടുത്ത് സ്പെഷൽ ട്രെയിനായി ഓടിച്ച് യാത്രക്കാരെ പിഴിയാൻ റെയിൽവേ. ഇത്തരത്തിൽ ഒരു ട്രെയിൻ ഞായറാഴ്ച മുതൽ എറണാകുളത്തിനും ബംഗളൂരുവിന് സമീപത്തെ യലഹങ്ക സ്റ്റേഷനും മധ്യേ ഓണം സ്പെഷലായി സർവീസ് നടത്താൻ റെയിൽവേ ബോർഡ് തീരുമാനിച്ചു.

പച്ചനിറത്തിലുള്ള ഗരീബ് രഥ് കോച്ചുകൾ കാലഹരണപ്പെട്ടതിനാൽ അവ ഘട്ടം ഘട്ടമായി ഒഴിവാക്കാൻ റെയിൽവേ തീരുമാനിച്ചതാണ്. പകരം എൽഎച്ച്ബി കോച്ചുകൾ ഏർപ്പെടുത്തുമെന്നും അറിയിപ്പ് വന്നിരുന്നു. ചെന്നൈയിലെ ഇൻറഗ്രൽ കോച്ച് ഫാക്ടറിയിൽ ഗരീബ് രഥ് കോച്ചുകളുടെ നിർമാണം അവസാനിപ്പിച്ചിട്ട് മാസങ്ങളായി.

ഇപ്പോൾ ഗരീബ് രഥ് ട്രെയിനുകൾ കേരളത്തിൽ അടക്കം സർവീസ് റദ്ദാക്കിയിട്ടാണ് പകരം അവ സ്പെഷൽ ട്രെയിനായി ഓടിക്കുന്നത്. ഇത്തരത്തിൽ റദ്ദാക്കിയ ശേഷം ചേപ്പാട് സ്റ്റേഷനിൽ നിർത്തിയിട്ടിരിക്കുന്ന ലോകമാന്യതിലക് കൊച്ചുവേളി (12201/12202) ഗരീബ് രഥ് എക്സ്പ്രസിന്റെ 13 കോച്ചുകളാണ് ഞായറാഴ്ച മുതൽ ആരംഭിക്കുന്ന എറണാകുളം യലഹങ്ക സർവീസിന് ഉപയോഗിക്കുകയെന്നും റെയിൽവേയുടെ അറിയിപ്പിൽ തന്നെ പറയുന്നുണ്ട്.

ത്രൈവാര സൂപ്പർ ഫാസ്റ്റ് ഗരീബ് രഥ് സ്പെഷൽ എന്നാണ് ഇതിന് പേരിട്ടിരിക്കുന്നത്. സൂപ്പർ ഫാസ്റ്റ് ആയതിനാൽ ടിക്കറ്റ് നിരക്കിൽ ഗണ്യമായ വർധനയും ഉണ്ട്. ഇത്തരം സ്പെഷൽ ട്രെയിനുകൾ ഏർപ്പെടുത്തി ഓണക്കാലത്ത് മലയാളികളായ യാത്രക്കാരെ അമിത നിരക്ക് ഈടാക്കി കൊള്ളയടിക്കുകയാണ് റെയിൽവേ ചെയ്യുന്നത്.

06101 എറണാകുളം യലഹങ്ക സൂപ്പർ ഫാസ്റ്റ് ട്രെയിൻ എറണാകുളത്ത് നിന്ന് ഉച്ചയ്ക്ക് 12.40 ന് പുറപ്പെട്ട് രാത്രി 11ന് യലഹങ്കയിൽ എത്തും. സെപ്റ്റംബർ ഒന്നിനും ആറിനും മധ്യേ ഞായർ, ബുധൻ, വെള്ളി ദിവസങ്ങളിലാണ് സർവീസ്.

06102 യലഹങ്ക എറണാകുളം സൂപ്പർഫാസ്റ്റ് സർവീസ് രാവിലെ അഞ്ചിന് യലഹങ്കയിൽ നിന്ന് തിരിച്ച് ഉച്ചകഴിഞ്ഞ് 2.30ന് എറണാകുളത്ത് എത്തും. സെപ്റ്റംബർ രണ്ടിനും ഏഴിനും തിങ്കൾ, വ്യാഴം, ശനി എന്നീ ദിവസങ്ങളിലാണ് സർവീസ്.

ഈ ട്രെയിനിൽ യാത്ര ചെയ്യുന്നവർക്ക് ബെഡ് റോളുകൾ വിതരണം ചെയ്യില്ലെന്നും ചെന്നൈ ഡിവിഷൻ അധികൃതരുടെ അറിയിപ്പിൽ പറയുന്നു. ഇവ യാത്രക്കാർക്ക് നൽകേണ്ടെന്ന് കൊമേഴ്സ്യൽ വിഭാഗത്തിന്റെ നിർദേശവുമുണ്ട്. ലാഭകരമാണെങ്കിൽ ഈ സർവീസ് സെപ്റ്റംബർ അവസാനം വരെ നീട്ടാനുള്ള സാധ്യതയുമുണ്ട്.

അതേ സമയം ആവശ്യത്തിന് യാത്രക്കാർ ഇല്ലാത്തതിനാൽ ഞായറാഴ്ചത്തെ 06037 ചെന്നൈ എഗ്മോർ വേളാങ്കണ്ണി എക്സ്പ്രസ് സ്പെഷലും അടുത്ത ദിവസത്തെ തിരികെയുള്ള സർവീസും (06038) പൂർണമായും റദ്ദാക്കിയതായും ദക്ഷിണ റെയിൽവേ അധികൃതർ അറിയിച്ചു.

സർവീസ് നിർത്തിവച്ച ബംഗളുരു എറണാകുളം ത്രൈവാര വന്ദേ ഭാരത് എക്സ്പ്രസ് സ്പെഷലിന്റെ കോച്ചുകൾ എറണാകുളം സൗത്ത് സ്റ്റേഷനിൽ കിടപ്പുണ്ടായിരുന്നു. സർവീസ് പുനരാംരംഭിക്കണമെന്ന ആവശ്യവും യാത്രക്കാരുടെ പ്രതിഷേധവും ശക്തമായതോടെ ഈ കോച്ചുകൾ പിന്നീട് കൊച്ചുവേളിക്കും തുടർന്ന് വർക്കല സ്റ്റേഷനിലും മാറ്റിയിട്ടു. എട്ട് കോച്ചുകൾ ഉള്ള ഈ വന്ദേഭാരത് ഇന്ന് രാവിലെ വർക്കലയിൽ നിന്ന് കൊല്ലം ഭാഗത്തേയ്ക്ക് കൊണ്ടുപോയിട്ടുണ്ട്.

# വരൾച്ചയും ഭക്ഷ്യക്ഷാമവും; വന്യമൃഗങ്ങളെ കൊന്ന് മാംസം ജനത്തിനു നൽകാൻ നമീബിയ

വിൻഡ്ഹോക്ക്: വന്യമൃഗങ്ങളെ കൊന്ന് രാജ്യത്തെ ജനത്തിനു മാംസം വിതരണം ചെയ്യാൻ തെക്കുപടിഞ്ഞാറൻ ആഫിക്കൻ രാജ്യമായ നമീബിയ തീരുമാനിച്ചു. നൂറു വർഷത്തിനിടയിലെ ഏറ്റവും കടുത്ത വരൾച്ചയിലൂടെ രാജ്യം കടന്നുപോകുന്ന സാഹചര്യത്തിൽ ഭക്ഷ്യ അരക്ഷിതാവസ്ഥ രൂക്ഷമാകുന്നതിനിടെയാണു സർക്കാർ തീരുമാനം.

താത്കാലികമായി 83 ആനകൾ, 30 ഹിപ്പോകൾ, 60 കാട്ടുപോത്തുകൾ, 50 ഇംപാലകൾ, 100 ബ്ലൂ വൈൽഡ് ബീസ്റ്റ്, 300 സീബ്രകൾ എന്നിവയെയാണു കൊല്ലാൻ തീരുമാനിച്ചിരിക്കുന്നതെന്ന് പരിസ്ഥിതി, വനം, ടൂറിസം മന്ത്രാലയം അറിയിച്ചു.

വനമേഖലകളിൽനിന്ന് പ്രഫഷണൽ വേട്ടക്കാരെ ഉപയോഗിച്ചായിരിക്കും മൃഗങ്ങളെ വേട്ടയാടുക. വരൾച്ചാദുരിതാശ്വാസ സമിതികൾ മുഖേനയാണു മാംസം രാജ്യത്തെ ദരിദ്രജന വിഭാഗത്തിനു വിതരണം ചെയ്യുകയെന്നും വരൾച്ചയുടെ ആഘാതം ലഘൂകരിക്കാൻ സഹായിക്കുകയാണ് പരിപാടിയുടെ ലക്ഷ്യമെന്നും മന്ത്രാലയം അറിയിച്ചു.

വരൾച്ചയുടെ ആഘാതം രൂക്ഷമായതോടെ നമീബിയയിൽ മേയ് മാസത്തിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരുന്നു. വരൾച്ചയെത്തുടർന്ന് ഏകദേശം 1.4 ദശലക്ഷം ജനങ്ങൾ (ജനസംഖ്യയുടെ പകുതിയോളം) കടുത്ത ഭക്ഷ്യ അരക്ഷിതാവസ്ഥ നേരിടുന്നുണ്ടെന്നാണു കണക്ക്.

വന്യമൃഗങ്ങളുടെ എണ്ണം പെരുകിയതിനാൽ കുടിവെള്ളവും ഭക്ഷണവും തേടി മൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലെത്തി കൃഷിനാശമുണ്ടാക്കുന്നതിനാലും മനുഷ്യജീവന് ഭീഷണി സൃഷ്ടിക്കുന്നതിനാലു മാണ് ഇത്തരമൊരു തീരുമാനത്തിലേക്ക് എത്തിയതെന്നു മന്ത്രാലയം അറിയിച്ചു.

കടുത്ത ഭക്ഷ്യക്ഷാമം നേരിടുന്ന സാഹചര്യത്തിൽ ഈ വിധത്തിലെങ്കിലും ജനത്തെ സഹായിക്കാനാകുന്നതിൽ സന്തോഷമുണ്ടെന്നും മന്ത്രാലയം വ്യക്തമാക്കി. വേട്ടയാടാനായി പ്രശ്നകാരികളായ 83 കാട്ടാനകളെ കണ്ടെത്തിയിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചു.

കാലാവസ്ഥാവ്യതിയാനത്തെത്തുടർന്ന് അതിരൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന രാജ്യങ്ങളിലൊന്നാണു നമീബിയ.

ഹെക്ടർകണക്കിനു കൃഷിയിടങ്ങൾ കരിഞ്ഞുണങ്ങിയതിനാൽ ഭക്ഷ്യവസ്തുക്കളില്ലാതെ രാജ്യം വലയുകയാണ്. പുറത്തുനിന്ന് ഇറക്കുമതി ചെയ്യാനാകട്ടെ രാജ്യത്തെ സാന്പത്തിക പരാധീനത തടസവുമാകുന്നു.

# ഇ.പി.യെ നീക്കിയത് സംഘടനാ നടപടിയല്ല; ജയരാജന്റെ പ്രവർത്തനത്തിൽ പരിമിതികളുണ്ടായെന്ന് ഗോവിന്ദൻ

തിരുവനന്തപുരം: ഇ.പി. ജയരാജൻ എൽഡിഎഫ് കൺവീനർ സ്ഥാനത്തുനിന്ന് ഒഴിഞ്ഞതായി സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ അറിയിച്ചു. ടി.പി. രാമകൃഷ്ണനാണ് പകരം ചുമതലയെന്നും ഗോവിന്ദൻ വ്യക്തമാക്കി.

എൽഡിഎഫ് കൺവീനർ സ്ഥാനത്ത് ഇ.പി. ജയരാജന്റെ പ്രവർത്തനത്തിൽ പരിമിതികളുണ്ടായി. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നടത്തിയ പ്രതികരണത്തിലെ പ്രശ്നങ്ങളും കാരണമായി. പല വിഷയങ്ങളിലും പരിശോധിച്ചതിന്റെ ഭാഗമായാണ് തീരുമാനം. ഇത് സംഘടനാ നടപടിയല്ല. അദ്ദേഹം പാർട്ടി കേന്ദ്ര കമ്മിറ്റിയംഗമായി തുടരുമെന്നും ഗോവിന്ദൻ പറഞ്ഞു.

സിപിഎമ്മിൽ പവർ ഗ്രൂപ്പ് ഉണ്ടെന്നാണ് വി.ഡി. സതീശൻ പറഞ്ഞത്. എഐസിസി മുൻ വനിതാ അംഗം സിമി റോസ്ബൽ പറഞ്ഞ കാര്യങ്ങൾ കേട്ടിരുന്നു. അവസരം ലഭിക്കാൻ ചൂഷണത്തിന് നിന്നുകൊടുക്കണം എന്നാണ് അവർ പറഞ്ഞത്.

കോൺഗ്രസിൽ ലിംഗ വിവേചനമുണ്ട്. പ്രീതിപ്പെടുത്താൻ പറ്റാത്തതിനാൽ തനിക്ക് പ്രതിപക്ഷ നേതാവിന്റെ ഗുഡ് ബുക്കിൽ ഇടം ലഭിച്ചില്ലെന്നും അവർ പറഞ്ഞു.പ്രായമായ സ്ത്രീകളെ കോൺഗ്രസിൽ പരിഹസിക്കുന്നു. സിനിമയിലെ പോലെ കോൺഗ്രസിൽ പവർ ഗ്രൂപ്പ് ഉണ്ട്. പ്രതിപക്ഷ നേതാവും പവർ ഗ്രൂപ്പിൽ ഉണ്ട് എന്ന് അവർ പറഞ്ഞു. ഈ പവർഗ്രൂപ്പ് എങ്ങനെയാണ് സിപിഎമ്മിന്റെ ഭാഗമായി ആരോപിക്കുന്നത് എന്ന് സതീശൻ ഈ ഇൻറർവ്യൂ കണ്ട ശേഷം പറയണം എന്ന് എം.വി. ഗോവിന്ദൻ ആവശ്യപ്പെട്ടു.



ലോകമെമ്പാടുമുള്ള മലയാളം മിഷൻ ചാപ്റ്ററുകളിലെ കുരുന്നുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകുന്ന അരക്കോടി രൂപ ക്രോഡീകരിച്ചരേഖ മലയാളം മിഷൻ ഡയറക്ടർ മുരുകൻ കട്ടാക്കടയും ചാപ്റ്റർ പ്രതിനിധികളും ജീവനക്കാരും ചേർന്ന് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു

# നിശബ്ദത ക്രൈമിന് വഴിവയ്ക്കും; രാധിക എന്തുകൊണ്ട് ഇക്കാര്യം അന്ന് തന്നെ തുറന്ന് പറഞ്ഞില്ല: ഭാഗ്യലക്ഷ്മി

തിരുവനന്തപുരം: ലൊക്കേഷനുകളിലെ കാരവാനിൽ രഹസ്യമായി കാമറ വച്ച് നടിമാരുടെ നഗ്നദൃശ്യങ്ങൾ പകർത്തുന്നുവെന്ന നടി രാധിക ശരത് കുമാറിന്റെ വെളിപ്പെടുത്തലിൽ പ്രതികരണവുമായി ഭാഗ്യലക്ഷ്മി. രാധിക എന്തുകൊണ്ട് ഇക്കാര്യം അന്ന് തന്നെ തുറന്ന് പറഞ്ഞില്ലെന്നും അവരുടെ നിശബ്ദത ക്രൈമിന് വഴിവച്ചു കൊടുക്കുകയല്ലേ ചെയ്തത് എന്നും ഭാഗ്യലക്ഷ്മി പ്രതികരിച്ചു.

അവർ ചെന്നൈയിൽ ഏറ്റവും സ്വാധീനം ഉള്ളൊരു വ്യക്തിയാണ്. കേരളത്തിലും തമിഴ്നാട്ടിലുമുള്ള സിനിമാ മേഖലയിലും വളരെ സ്വാധീനം ഉള്ള ആളാണ്. തനിക്കല്ല, വേറെ ഏതോ സ്ത്രീകൾക്ക് നേരെ ഇത്തരം ക്രൈം നടക്കുന്നുണ്ട് എങ്കിൽ അവരും ഇതുപോലെ കാര്യങ്ങൾ പൂഴ്ത്തിവച്ചു എന്ന് തന്നെയല്ലേ പ്രതീക്ഷിക്കേണ്ടത്. ചെരുപ്പൂരി അടിക്കും എന്നല്ല പറയേണ്ടത്. രാധിക പോലീസിൽ പരാതി നൽകണം. ഇന്നും അത് നടക്കുന്നുണ്ടോ ഇല്ലയോ എന്ന് എങ്ങനെ അറിയാമെന്നും ഭാഗ്യലക്ഷ്മി ചോദിച്ചു.

ലോകത്തുള്ള സകല പുരുഷന്മാരെയും സംസാരിച്ച് തിരുത്താൻ പറ്റില്ല. നിയമ നടപടിയിലൂടെ മാത്രമെ ഓരോരുത്തരെയും തിരുത്താൻ സാധിക്കൂ. സിനിമ എന്നത് വളരെ അടുത്തിടപഴകുന്നൊരു മേഖലയാണ്. ഒരു കാരവാനിന് അകത്ത് സ്ത്രീകളും പുരുഷന്മാരും ഒന്നിച്ചിരുന്നു സംസാരിക്കുന്നു, ഭക്ഷണം കഴിക്കുന്നു, എന്തിനേറെ ഡ്രഗ്സ് വരെ ഉപയോഗിക്കുന്നു.

ആരാണ് ഇതിനെതിരേ സംസാരിക്കുന്നത്. ഇവിടെ ഇങ്ങനെ നടക്കുകയാണെന്ന് പറഞ്ഞ് പരാതി കൊടുക്കയോ, ഇല്ലെങ്കിൽ സർക്കാരിന്റെയോ പോലീസിന്റെയോ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നുണ്ടോ. ഒരു ക്രൈം നടക്കുമ്പോൾ അത് കണ്ടുകൊണ്ട് മിണ്ടാതിരിക്കുന്നത് അതിനെക്കാൾ വലിയ ക്രൈം ആണെന്ന് പറയാറില്ലേ എന്നും ഭാഗ്യലക്ഷ്മി കൂട്ടിച്ചേർത്തു.

നേരത്തെ, ലൊക്കേഷനുകളിലെ കാരവാനിൽ രഹസ്യമായി കാമറ വച്ച് നടിമാരുടെ നഗ്നദൃശ്യങ്ങൾ പകർത്തുന്നുവെന്നായിരുന്നു നടി രാധിക ശരത്കുമാർ വെളിപ്പെടുത്തിയത്. ഈ ദൃശ്യങ്ങൾ സെറ്റിൽ പുരുഷന്മാർ ഒന്നിച്ചിരുന്ന് മൊബൈലിൽ കണ്ട് ആസ്വദിക്കുന്നത് താൻ നേരിട്ട് കണ്ടെന്നും ഭയന്നുപോയ താൻ കാരവാനിൽ വച്ച് വസ്ത്രം മാറാതെ ഹോട്ടൽ മുറിയിലേക്ക് പോയെന്നും അവർ പറഞ്ഞു.

കാരവാനിൽ രഹസ്യമായി കാമറ വെച്ച് ചിത്രീകരിച്ച ദൃശ്യങ്ങൾ മൊബൈലിൽ ഫോൾഡറുകളിലായി പുരുഷന്മാർ സൂക്ഷിക്കുന്നു. ഒരോ നടിമാരുടെയും പേരിൽ പ്രത്യേകം ഫോൾഡറുകൾ ഉണ്ട്. ഇക്കാര്യം നേരിൽ കണ്ടതിന് ശേഷം ഭയം കാരണം പിന്നീട് ലൊക്കേഷനിലെ കാരവാൻ ഉപയോഗിച്ചില്ലെന്നും നടി വെളിപ്പെടുത്തിയിരുന്നു.

# ഉരുൾ ദുരന്തം: വിട്ടുവീഴ്ച ചെയ്യണം; ബാങ്കുകളോടു ഹൈക്കോടതി

കൊച്ചി: വയനാട്ടിൽ ഉരുൾപൊട്ടൽ ദുരന്തത്തിന് ഇരയായവർക്കുള്ള വീടുകളുടെ നിർമാണം വൈകാതെ പൂർത്തിയാക്കണമെന്നു ഹൈക്കോടതി. താമസക്കാർക്ക് സ്വകാര്യത ഉറപ്പാക്കാൻ ഇതാവശ്യമാണ്. കേടുപാട് സംഭവിച്ച വീടുകളുടെ നവീകരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ കോടതി വിലയിരുത്തി.

ആളുകൾക്ക് പരാതികളും പ്രശ്നങ്ങളും അറിയിക്കാൻ വിവിധ കേന്ദ്രങ്ങളിൽ ഹെൽപ് ഡെസ്ക് തുടങ്ങണമെന്നും നിർദേ ശിച്ചു. ആശുപത്രി ബിൽ നേരിട്ടു നൽകണം. പരിക്കേറ്റ് ആശുപത്രികളിൽ കഴിയുന്നവരെ നിശ്ചിത തുക ഏൽപ്പിക്കാതെ ചികിത്സച്ചെലവ് പൂർണമായും ആശുപത്രികൾക്കു സർക്കാർ കൈമാറണം. മറിച്ചായാൽ അധികം വേണ്ടിവരുന്ന തുക വ്യക്തികൾ വഹിക്കേണ്ടിവരും. അത്തരമൊരു സാഹചര്യം ഉണ്ടാകരുത്. പുനർനിർമാണ പദ്ധതികളുടെ വിവരങ്ങൾ യഥാസമയം കോടതിയെ അറിയിക്കണം.

ബാങ്കുകൾ പരിധി വിട്ടാൽ അറിയിക്കണം. ദുരന്ത ബാധിതരോടു വിട്ടുവീഴ്ച ചെയ്യുന്നതിൽ എല്ലാ ബാങ്കുകൾക്കും ഭരണഘടനാപരമായ ഉത്തരവാദിത്വമുണ്ട്. ഏതു ബാങ്കായാലും പരമോന്നതമായ ഇന്ത്യൻ ഭരണഘടനയുടെ കീഴിലാണ്.

ഏതെങ്കിലും ബാങ്ക് ചട്ടവിരുദ്ധമായ സമീപനം കൈക്കൊണ്ടാൽ അറിയിച്ചാൽ മതി, ബാക്കി കാര്യങ്ങൾ കോടതി നോക്കിക്കൊള്ളാം. ബാങ്കുകൾ ഇഎംഐ ഈടാക്കിയെങ്കിൽ സംസ്ഥാന സർക്കാർ റിപ്പോർട്ട് നൽകണം. ക്യാമ്പിൽനിന്ന് ആരെങ്കിലും മാറിയെങ്കിൽ എത്രപേർ മാറിയെന്നതു സംബന്ധിച്ച വിവരങ്ങൾ അടുത്തയാഴ്ച നൽകണമെന്നും കോടതി പറഞ്ഞു.

പരിസ്ഥിതിലോല മേഖലകളിലെ നിർമാണപ്രവർത്തനങ്ങളിൽ സുരക്ഷിതത്വം ഉറപ്പുവരുത്തണം. ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ ടൗൺഷിപ്പുകൾക്ക് എതിരായ സാഹചര്യത്തിലാണിത്. മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ കാര്യം എന്തായെന്ന് അറിയിക്കണം.ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങളിലെ പ്രായപൂർത്തിയായ രണ്ടു വ്യക്തികൾക്ക് 300 രൂപവീതം നൽകുന്നത് എത്ര നാൾ തുടരും കോടതി ആവശ്യപ്പെടുന്ന കാര്യങ്ങളിൽ സമയബന്ധിതമായി റിപ്പോർട്ട് ഹാജരാക്കുകയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഓൺലൈനിൽ ഹാജരാകുകയോ വേണമെന്നും കോടതി നിർദേശിച്ചു.

ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ ഹൈക്കോടതി സ്വമേധയാ എടുത്ത ഹർജിയാണ് ജസ്റ്റീസ് എ.കെ. ജയശങ്കരൻ നമ്പ്യാർ, ജസ്റ്റീസ് വി.എം. ശ്യാംകുമാർ എന്നിരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് പരിഗണിച്ചത്.

# കുറ്റവാളികളായ അഭയാർഥികളെ ജർമനി നാടുകടത്താൻ തുടങ്ങി

ബെർലിൻ: കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട അഫ്ഗാൻ പൗരന്മാരെ നാടുകടത്താൻ തുടങ്ങിയതായി ജർമനി അറിയിച്ചു. ഇന്നലെ 28 പുരുഷന്മാരെ ലൈപ്സിഗ് നഗരത്തിൽനിന്നു ചാർട്ടർ ചെയ്ത വിമാനത്തിൽ അഫ്ഗാൻ തലസ്ഥാനമായ കാബൂളിലേക്ക് അയച്ചു.

കഴിഞ്ഞയാഴ്ച പടിഞ്ഞാറൻ ജർമനിയിലെ സോളിങ്ങൻ നഗരത്തിൽ സിറിയൻ അഭയാർഥി നടത്തിയ കത്തിയാക്രമണത്തിൽ മൂന്നു പേർ കൊല്ലപ്പെടുകയും എട്ടു പേർക്കു പരിക്കേൽക്കുകയും ചെയ്ത സംഭവത്തിന്റെ പശ്ചാത്തലത്തിലാണിത്.നാളെ സാക്സണി, തുറിഞ്ചിയ മേഖലകളിൽ നടക്കുന്ന പ്രാദേശിക തെരഞ്ഞെടുപ്പിൽ കുടിയേറ്റവിരുദ്ധ വലതുപക്ഷ പാർട്ടികൾ മേൽക്കൈ നേടുമെന്ന പ്രവചനങ്ങളും അതിവേഗ നടപടികൾക്കു ജർമൻ സർക്കാരിനെ പ്രേരിപ്പിച്ചതായി സൂചനയുണ്ട്.

സോളിങ്ങൻ നഗരത്തിലെ ആക്രമണത്തിൽ കീഴടങ്ങിയ ഇരുപത്തഞ്ചുകാരനായ സിറിയൻ അഭയാർഥി കഴിഞ്ഞവർഷം തിരിച്ചയയ്ക്കപ്പെടാനിരിക്കേ മുങ്ങിയ ആളാണ്. പലസ്തീൻ മുസ്ലിംകൾക്കുവേണ്ടി ക്രൈസ്തവരോടു പ്രതികാരം തീർക്കുകയായിരുന്നുവെന്നാണ്, ആക്രമണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത ഇസ്‌ലാമിക് സ്റ്റേറ്റ് ഭീകരസംഘടന പറഞ്ഞത്. ഇസ്‌ലാമിക് സ്റ്റേറ്റിന് ആക്രമണത്തിൽ പങ്കുള്ള കാര്യം സ്ഥിരീകരിക്കപ്പെട്ടിട്ടില്ല.അതേസമയം, ജർമൻ ജനത സംഭവത്തിൽ രോഷാകുലരാണ്. ജർമനിയിൽ താമസിക്കാൻ യോഗ്യതയില്ലാത്തവരെ നാടുകടത്തുമെന്ന് സോളിങ്ങൻ നഗരം സന്ദർശിച്ച ചാൻസലർ ഒലാഫ് ഷോൾസ് പ്രഖ്യാപിച്ചിരുന്നു.

താലിബാൻ ഭീകരർ 2021 ഓഗസ്റ്റിൽ അഫ്ഗാനിസ്ഥാന്റെ ഭരണം പിടിച്ചശേഷം ആദ്യമായാണ് ജർമനി അഫ്ഗാനികളെ തിരിച്ചയയ്ക്കുന്നത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



*ലൈഫോളജി സഹസ്ഥാപകനും ചീഫ് ലൈഫോളജിസ്റ്റുമായ രാഹുൽ ജെ നായർ വിദ്യാർത്ഥികൾക്ക് 'ലയ എഐ' യെ പരിചയപ്പെടുത്തുന്നു.*

# ലോകത്തിലെ ആദ്യത്തെ ഹ്യൂമനോയിഡ് റോബോട്ട് കരിയർ കോച്ച് 'ലയ എഐ' യെ അവതരിപ്പിച്ച് ലൈഫോളജി

## ടെക്നോപാർക്ക് ആസ്ഥാനമായ കരിയർ മാനേജ്മെൻറ് സ്ഥാപനമാണ് ലൈഫോളജി

തിരുവനന്തപുരം: ലോകത്തിലെ ആദ്യത്തെ ഹ്യൂമനോയിഡ് കരിയർ കോച്ചിനെ അവതരിപ്പിച്ച് ടെക്നോപാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ്. കരിയർ മാനേജ്മെൻറ് സ്ഥാപനമായ ലൈഫോളജിയാണ് 'ലയ എഐ' എന്ന ഹ്യൂമനോയിഡ് റോബോട്ട് കരിയർ കോച്ചിനെ അവതരിപ്പിച്ചത്.

നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്ന 'ലയ എഐ' കരിയർ ഗൈഡൻസ് മേഖലയിലെ നിർണായക മുന്നേറ്റങ്ങളിലൊന്നാണ്. കരിയർ സംബന്ധമായ സംശയങ്ങൾക്ക് ശാസ്ത്രീയവും സമഗ്രവുമായ ഉത്തരങ്ങൾ നല്കാൻ പ്രാപ്തമാണ് 'ലയ എഐ'.

സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷൻ (സിബിഎസ്ഇ) ലൈഫോളജിയുമായി സഹകരിച്ച് കഴിഞ്ഞയാഴ്ച മൈസൂരുവിൽ സംഘടിപ്പിച്ച നാഷണൽ ഗൈഡൻസ് ഫെസ്റ്റിവൽ ആൻറ് സ്കിൽ എക്സ്പോ 2024 ലാണ് 'ലയ എഐ' ആദ്യമായി പ്രദർശിപ്പിച്ചത്. കുട്ടികളോട് സംവദിക്കുകയും സംശയങ്ങൾക്ക് മറുപടി നല്കുകയും ചെയ്ത 'ലയ എഐ' എക്സ്പോയിലെ കൗതുകക്കാഴ്ചയായി.കരിയർ മാർഗനിർദേശം തേടുന്നവർക്ക് സുഗമമായ രീതിയിൽ ആശയവിനിമയം സാധ്യമാകുന്ന തരത്തിലാണ് 'ലയ എഐ' രൂപകല്പന ചെയ്തിരിക്കുന്നത്. നേരിട്ട് സംശയം ചോദിക്കാനും സൈക്കോമെട്രിക് ടെസ്റ്റുകൾ ചെയ്യാനും വീഡിയോ കാണാനുമുള്ള സൗകര്യങ്ങൾ ഈ ഹ്യൂമനോയിഡ് റോബോട്ടിലുണ്ട്.ഓരോ വ്യക്തികൾക്കും അവരുടെ കഴിവുകളും അഭിരുചികളും മനസ്സിലാക്കി കരിയർ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നല്കുന്ന ഒരു ഹ്യൂമനോയ്ഡ് റോബോട്ട് ലോകത്ത് ആദ്യമായി അവതരിപ്പിക്കുന്നത് ലൈഫോളജിയാണെന്ന് ലൈഫോളജി സഹസ്ഥാപകനും ചീഫ് ലൈഫോളജിസ്റ്റുമായ രാഹുൽ ജെ നായർ പറഞ്ഞു. ഇത് ഗൈഡൻസ് മേഖലയിൽ തന്നെ ഒരു കുതിച്ചു ചാട്ടമാണ്. മനുഷ്യന്മാർക്ക് മാത്രം സാധ്യമായ പല മേഖലകളിലും ഇന്ന് റോബോട്ടിൻറെ സാന്നിധ്യമുണ്ട്.

എഐ സഹായത്തോടെ കരിയർ മേഖലയുടെ മുഖം മാറ്റി മറിയ്ക്കാൻ പ്രാപ്തമാണ് ലൈഫോളജിയുടെ ഇടപെടലുകൾ. ലക്ഷക്കണക്കിന് വ്യക്തികൾക്ക് ലൈഫോളജിയുടെ ഗൈഡൻസ് സേവനം ലഭ്യമായിട്ടുണ്ട്. ഇത് ഇനിയും കൂടുതൽ ആളുകളിലേക്ക് എത്തിക്കാനാണ് ശ്രമിക്കുന്നത്. മറ്റുള്ളവർക്ക് പിന്തുടരാവുന്ന മാതൃകയാണ് ലൈഫോളജി മുന്നോട്ട് വയ്ക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിദ്യാർത്ഥികളെ ശാക്തീകരിക്കാൻ ലക്ഷ്യമിട്ട് വിദഗ്ധർ നയിക്കുന്ന ശില്പശാലകൾ, സംവേദനാത്മക സെഷനുകൾ, ചർച്ചകൾ, വിദ്യാർത്ഥികളുടെ കഴിവുകളുടെ പ്രദർശനം തുടങ്ങിയവയാണ് നാഷണൽ ഗൈഡൻസ് ഫെസ്റ്റിവലിൻറെ ഭാഗമായി സംഘടിപ്പിക്കുന്നത്. അഞ്ച് രാജ്യങ്ങളിലെ 15 ലധികം നഗരങ്ങളിലായാണ് അടുത്ത അഞ്ച് മാസത്തിനുള്ളിൽ നാഷണൽ ഗൈഡൻസ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്.

# അൻവറുമായുള്ള ഫോൺ സംഭാഷണം വിവാദത്തിൽ; പത്തനംതിട്ട എസ്പിക്കെതിരേ വകുപ്പുതല അന്വേഷണം

കോഴിക്കോട്: പി.വി. അൻവർ എംഎൽഎയും പത്തനംതിട്ട എസ്പി എസ്. സുജിത്ദാസും തമ്മിലുള്ള ഫോൺ സംഭാഷണം വിവാദത്തിൽ. ക്രമസമാധാന ചുമതലയുള്ള എഡിജിപി എം.ആർ. അജിത്കുമാറിനെതിരേ സുജിത്ദാസ് ഉന്നയിച്ച ആരോപണങ്ങൾ ഗൗരവത്തോടെയാണ് ആഭ്യന്തര വകുപ്പ് കാണുന്നത്.

ആഭ്യന്തര വകുപ്പിൽ കാര്യങ്ങൾ തീരുമാനിക്കുന്നത് അജിത്കുമാറാണെന്ന ഗുരുതരമായ കുറ്റപ്പെടുത്തലാണ് മേലുദ്യോഗസ്ഥനെതിരേ സുജിത്ദാസ് ഉന്നയിച്ചിട്ടുള്ളത്. സുജിത്ദാസിനെതിരേ വകുപ്പുതല അന്വേഷണത്തിനു സാധ്യതയുണ്ട്.

അന്വേഷണം ആവശ്യപ്പെട്ട് ഡിജിപിക്കു നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്.സാമ്പത്തിക ആരോപണങ്ങളെക്കുറിച്ച് അന്വേഷണം ആവശ്യപ്പെട്ട് അജിത്കുമാർ ഡിജിപിക്ക് പരാതി നൽകുമെന്ന് സൂചനയുണ്ട്.

മലപ്പുറം എസ്പി ഓഫീസ് കാമ്പസിലെ മരംമുറിയുമായി ബന്ധപ്പെട്ടാണ് അൻവറും മുൻ മലപ്പുറം എസ്പിയായിരുന്ന സുജിത്ദാസും തമ്മിലുള്ള ഫോൺ സംഭാഷണം പുറത്തുവന്നത്. മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി. ശശിയുടെ കാര്യങ്ങൾ എല്ലാം നടത്തികൊടുക്കുന്നതിനാൽ അജിത്കുമാർ പോലീസിൽ സർവശക്തനാണെന്ന് സുജിത്ദാസ് പറയുന്നു.പോലീസിൽ ശക്തനായിരുന്ന ഐജി പി. വിജയനെ തകർത്തത് അജിത്കുമാറാണ്. എഡിജിപിയുടെ ഭാര്യാസഹോദരന്മാർക്ക് എന്താണ് ജോലിയെന്ന് അന്വേഷിക്കണമെന്നും ഫോൺസംഭാഷണത്തിൽ അദ്ദേഹം പറയുന്നു.

മലപ്പുറം എസ്പി ഓഫീസിലെ മരങ്ങൾ മുറിച്ചുകടത്തിയ കേസിലെ പരാതി പിൻവലിച്ചാൽ സർവീസിലുള്ള കാലം മുഴുവൻ അൻവറിനോടു കടപ്പെട്ടിരിക്കുമെന്ന് സുജിത് ദാസ് പറയുന്നു. താൻ ഡിജിപി ആയാലും സേവനം അൻവറിനുണ്ടാകും.എഡിജിപി അജിത്കുമാർ സർക്കാറിനു വേണ്ടപ്പെട്ട ആളൊന്നുമല്ലെന്നും അങ്ങിനെയാണെങ്കിൽ യൂട്യൂബർ ഷാജൻ സ്കറിയയെ രക്ഷപ്പടുത്താൻ ശ്രമം നടത്തുമോയെന്നും അൻവർ ചോദിക്കുന്നുണ്ട്.ഷാജൻ സ്കറിയ ഒളിവിൽപോയ സമയത്ത് തന്നോടും അന്വേഷണം നടത്താൻ എം.ആർ. അജിത്കുമാർ പറഞ്ഞതായി അൻവർ വ്യക്തമാക്കുന്നുണ്ട്.ഷാജൻ പുനെയിലുണ്ടെന്ന വിവരം കിട്ടിയപ്പോൾ അദ്ദേഹത്തെ അറിയിച്ചു. എന്നാൽ പോലീസ് എത്തിയപ്പോഴേക്കും ഷാജൻ മുങ്ങി.പിന്നെ അന്വേഷിച്ചപ്പോൾ എം.ആർ. അജിത്കുമാർ തന്നെയാണു വിവരം ചോർത്തിനൽകുന്നതെന്ന് വ്യക്തമായി.

അതിനുള്ള റിവാർഡും അയാൾ വാങ്ങി. നേർക്കുനേരേയല്ല ഇവരുടെ ഇടപാട്. ഇടനിലക്കാർ വഴിയാണ്. ഇയാളെങ്ങനെയാണ് സർക്കാരിന്റെ ആളാകുന്നതെന്ന് അൻവർ ചോദിക്കന്നു.

ഐപിഎസ് ഉദ്യോഗസ്ഥനെന്ന നിലയിൽ കാര്യങ്ങൾ തീരുമാനിക്കുന്നത് അജിത് കുമാറാണെന്നും പൊളിറ്റിക്കൽ സെക്രട്ടറിയുടെ വലം കൈയാണെന്നും അദ്ദേഹം പറയുന്നുണ്ട്. വലം കൈയായിനിന്നു സർക്കാറിനെ നശിപ്പിക്കുന്ന സംവിധാനത്തിലേക്ക് അല്ലല്ലൊ അദ്ദേഹം പോകേണ്ടതെന്ന് അൻവർ ചോദിക്കുന്നുണ്ട്. അത് അവിടെ ഇരിക്കുന്നവർക്കുകൂടി തോന്നണ്ടേയെന്നായിരുന്നു സുജിത്ദാസിന്റെ മറുപടി.

## നെഹ്റു ട്രോഫി വള്ളംകളി ടൂറിസം വകുപ്പല്ല സംഘടിപ്പിക്കുന്നത്: മന്ത്രി റിയാസ്

ആലപ്പുഴ: നെഹ്റു ട്രോഫി വള്ളംകളി ടൂറിസം വകുപ്പല്ല സംഘടിപ്പിക്കുന്നതെന്ന് മന്ത്രി മുഹമ്മദ് റിയാസ്. വള്ളംകളി സംഘടിപ്പിക്കുന്നത് നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റി ആണെന്നും മന്ത്രി വ്യക്തമാക്കി.

വള്ളംകളി സംഘടിപ്പിക്കുമ്പോൾ എല്ലാവിധ സഹകരണങ്ങളും ടൂറിസം വകുപ്പ് നൽകും. ഒരുകോടി രൂപയാണ് സാമ്പത്തിക സഹായമായി ടൂറിസം വകുപ്പ് നൽകുന്നതെന്നും റിയാസ് അറിയിച്ചു.

നെഹ്റു ട്രോഫി വള്ളംകളി റദ്ദാക്കരുതെന്ന് ആവശ്യപ്പെട്ട് നേരത്തെ എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ രംഗത്തെത്തിയിരുന്നു. ഇത് സംബന്ധിച്ച് അദ്ദേഹം മുഖ്യമന്ത്രി പിണറായി വിജയന് കത്തയച്ചിരുന്നു.

# താൻ പവർ ഗ്രൂപ്പിൽപെട്ടയാളല്ല; എന്തിനും കുറ്റപ്പെടുത്തുന്നത് 'അമ്മയെ': മോഹൻലാൽ



തിരുവനന്തപുരം: ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നതിനു പിന്നാലെയുള്ള വിവാദങ്ങളിൽ പ്രതികരിച്ച് മോഹൻലാൽ. സിനിമ സമൂഹത്തിന്റെ ഒരു ചെറിയ ഭാഗമാണെന്നും മറ്റെല്ലാ മേഖലയിലും സംഭവിക്കുന്നത് ഇവിടെയും സംഭവിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ താൻ ആ കാര്യങ്ങളെ ന്യായീകരിക്കുന്നില്ല.

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ ഒരുപാട് നിർദേശങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ കമ്മിറ്റി നല്ല കാര്യമായാണ് തോന്നുന്നത്. എല്ലാവർക്കും തുല്യനീതി ഉറപ്പാക്കണം. താനൊരാൾ വിചാരിച്ചാൽ നിയമം മാറ്റാൻ സാധിക്കില്ല.

ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട് എല്ലാത്തിനും ഉത്തരം പറയേണ്ടത് അമ്മ എന്ന സംഘടനയല്ല; മറിച്ച് സിനിമാ രംഗം ആകെയാണ്. എന്നാൽ എന്തിനും ഏതിനും കുറ്റപ്പെടുത്തുന്നത് അമ്മയെയാണ്.

അമ്മ ട്രേഡ് യൂണിയനല്ല. അത് അംഗങ്ങളുടെ ക്ഷേമത്തിന് വേണ്ടി തുടങ്ങിയ സംഘടനയാണ്. അമ്മയ്ക്ക് അംഗങ്ങൾക്ക് പെൻഷൻ കൊടുക്കാനുണ്ട്, ഇൻഷുറൻസ് കൊടുക്കാനുണ്ട്, വീടുകൾ നിർമിച്ച് നൽകാനുണ്ട്, മെഡിക്കൽ ക്യാംപുകൾ സംഘടിപ്പിക്കുന്നുണ്ട്. അതൊന്നും നിർത്തിവച്ചിട്ടില്ല.

ഏറ്റവും കൂടുതൽ വിമർശനങ്ങൾ വരുന്നത് തനിക്കും അമ്മയ്ക്കും നേരെയാണ്. ഈ സാഹചര്യത്തിലാണ് അഭിഭാഷകരോടും മുതിർന്ന താരങ്ങളോടും അടക്കം സംസാരിച്ച് താൻ അമ്മയുടെ ചുമതലകളിൽ നിന്ന് രാജിവെച്ചതെന്ന് അദ്ദേഹം പറഞ്ഞു. ഗൂഗിൾ മീറ്റ് വഴി എല്ലാ ഭാരവാഹികളുടെയും അനുമതി വാങ്ങിയിട്ടാണ് രാജി തീരുമാനം പ്രഖ്യാപിച്ചതെന്നും അദ്ദേഹം പറഞ്ഞു.

താൻ ഒരിടത്തേക്കും ഒളിച്ചോടി പോയതല്ല. വ്യക്തിപരമായ കാരണങ്ങളാൽ കേരളത്തിലുണ്ടായിരുന്നില്ല. ഭാര്യയുടെ ശസ്ത്രക്രിയയും ബറോസ് ചിത്രത്തിന്റെ പ്രവർത്തനങ്ങളുമായി തിരക്കിലായിരുന്നു. നിലവിലെ സാഹചര്യം നിമിത്തം ചിത്രം ഉടൻ റിലീസ് ചെയ്യില്ലെന്നും അദ്ദേഹം പറഞ്ഞു.

1978ൽ അഭിനയരംഗത്തു വന്ന ആളാണ് താൻ. 47 വർഷങ്ങൾക്കിപ്പുറം താൻ ഉൾപ്പെടുന്ന മലയാളം ഇൻഡസ്ട്രിയുടെ ദൗർഭാഗ്യകരമായ കാര്യങ്ങളെ കുറിച്ച് സംസാരിക്കേണ്ടി വന്നതിൽ വളരെയധികം വിഷമം ഉണ്ട്. പതിനായിക്കണക്കിന് ആളുകൾ ജോലി ചെയ്യുന്ന മേഖലയെ തകർക്കരുതെന്നാണ് തന്റെ അഭ്യർഥന.

താൻ അഭിനയത്തിലേക്ക് വന്നപ്പോൾ ഒരു സൗകര്യവും ഉണ്ടായില്ല. ഒരുപാട് നല്ല താരങ്ങളുള്ള വ്യവസായ രംഗമാണിതിപ്പോൾ. മലയാള സിനിമയിലേക്ക് ഫോക്കസ് ചെയ്ത് ഈ മേഖലയെ ആകെ തകർക്കരുത്. ഡബ്ല്യുസിസി, അമ്മ എന്നതെല്ലാം ഒഴിവാക്കൂ. എന്നിട്ട് മലയാള സിനിമയെ കുറിച്ച് മാത്രം സംസാരിക്കൂ

ആളുകൾക്ക് ബുദ്ധിമുട്ട് ഉണ്ടായാൽ അത് പോലീസിൽ അറിയിക്കുക. സർക്കാരും പോലീസും കുറ്റക്കാർക്കെതിരെയുണ്ട്. ജൂനിയർ ആർടിസ്റ്റുകൾക്ക് അസോസിയേഷൻ ഉണ്ടാകണം. താൻ പവർ ഗ്രൂപ്പിൽപെട്ടയാളല്ല. അങ്ങനെയൊരു കാര്യം താൻ ആദ്യമായാണ് കേൾക്കുന്നത്.

തന്റെ കൈയിൽ ചോദ്യത്തിന് ഉത്തരങ്ങളില്ല. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയത്തിൽ താനെന്താണ് പ്രതികരിക്കേണ്ടത്. പരാതികൾ ഇനി സംഭവിക്കാതിരിക്കാനുള്ള ശ്രമം ഇനി ഉണ്ടാകണം. താൻ ഇത്തരം പ്രസ് കോൺഫറൻസുകളെ നേരിടുന്ന ആളല്ല. തനിക്ക് ആധികാരികമായി സംസാരിക്കാൻ അറിയില്ലെന്നും അദ്ദേഹം പറഞ്ഞു.

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗ് ലോഞ്ചിനുശേഷമാണ് മോഹൻലാൽ മാധ്യമങ്ങളെ കണ്ടത്. ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്ന ശേഷം ഇത് ആദ്യമായാണ് മോഹൻലാൽ വിഷയത്തിൽ പ്രതികരിച്ചത്.

# മത്സ്യോത്പാദനത്തിൽ സംസ്ഥാനം ഇനിയും മെച്ചപ്പെടണം: മുഖ്യമന്ത്രി

മത്സ്യോത്പാദനത്തിൽ സംസ്ഥാനം ഇനിയും മെച്ചപ്പെടേണ്ടതുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മത്സ്യകൃഷിയുടെ കാര്യത്തിൽ നാം നല്ല ശ്രദ്ധ പുലർത്തുന്നുണ്ടെങ്കിലും മത്സ്യോത്പാദനത്തിൽ നാം ആഗ്രഹിക്കുന്ന രീതിയിലുള്ള പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ദേശീയ മത്സ്യകർഷക ദിനാചരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ച മത്സ്യകർഷക സംഗമവും അവാർഡ് വിതരണവും ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

മത്സ്യഉപഭോഗം ശീലമാക്കിയവരാണ് കേരളത്തിലെ ഭൂരിഭാഗം പേരും. സംസ്ഥാനത്തെ മത്സ്യകൃഷിയിൽ പൊതുവേ നല്ല മാറ്റമുണ്ട്. പക്ഷേ ആ മാറ്റം കൊണ്ടു മാത്രം നമ്മൾ തൃപ്തിപ്പെട്ടുകൂട. ഇനിയും നാം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനം പോലുള്ള പ്രശ്നങ്ങൾ മത്സ്യകൃഷിയെയും കടലിലെ മത്സ്യസമ്പത്തിനെയും ബാധിക്കുന്നുണ്ട്. മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിൽ നാം ഊന്നൽ നൽകണം. മത്സ്യകർഷക അവാർഡുകൾ ഈ മേഖലയിലുള്ളവർക്ക് പ്രചോദനം പകരണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ചു. രാജ്യത്ത് ആദ്യമായി മത്സ്യങ്ങളിലെ പ്രേരിത പ്രജനനസാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തതിന്റെ ഓർമ്മയ്ക്കാണ് എല്ലാ വർഷവും ജൂലൈ 10 ദേശീയ മത്സ്യകർഷക ദിനമായി ആചരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ മത്സ്യകൃഷിയുടെ കാര്യത്തിൽ കഴിഞ്ഞ രണ്ട് സർക്കാറുകളും സവിശേഷ ശ്രദ്ധ നൽകിയിട്ടുണ്ട്. 201617 കാലത്ത് സംസ്ഥാനത്തെ മത്സ്യോത്പാദനം 24000 മെട്രിക് ടണ്ണായിരുന്നിടത്ത് നിന്ന് ചിട്ടയായ പ്രവർത്തനത്തിലൂടെ 40850 മെട്രിക് ടണ്ണായി വർധിപ്പിക്കാനായി. നൂതനകൃഷി രീതികളിലൂടെ ഉത്പാദനക്ഷമത ഒരു ഹെക്ടറിന് ഒരു ടൺ എന്ന പരമ്പരാഗത നിലയിൽ നിന്ന് രണ്ട് സെന്റിൽ നിന്ന് ഒരു ടൺ എന്ന നിലയിലേക്ക് ഉയർത്താൻ സാധിച്ചു. സർക്കാറിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും കർഷകരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ ഉണ്ടായ നേട്ടമാണിത്. 'എവിടെയെല്ലാം ജലാശയമുണ്ടോ അവിടെയെല്ലാം മത്സ്യകൃഷി' എന്ന നയമാണ് സർക്കാറിന്റേതെന്നും മന്ത്രി പറഞ്ഞു. മൂന്ന് വർഷത്തിനിടെ 24536 ഹെക്ടറിൽ മത്സ്യവിത്ത് സംഭരിച്ച് കൃഷി നടപ്പാക്കി. 13706 ഹെക്ടർ പാടശേഖരത്ത് ഒരു നെല്ലും ഒരു മീനും കൃഷി, 2349 ഹെക്ടറിൽ ചെമ്മീൻ കൃഷി, 7103 ഹെക്ടർ കുളങ്ങളിൽ ശാസ്ത്രീയ മത്സ്യകൃഷി എന്നിവ നടപ്പാക്കി. ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിന് 13 മത്സ്യഭവനുകൾ ആരംഭിച്ചതായും മന്ത്രി ചൂണ്ടിക്കാട്ടി. മത്സ്യകർഷകരുടെ എക്കാലത്തെയും വലിയ ആവശ്യമായിരുന്ന ഇൻഷുറൻസ് പരിരക്ഷാപദ്ധതി നടപ്പാക്കുന്നതിനുള്ള ചർച്ചകളുമായി സർക്കാർ മുന്നോട്ടുപോകുകയാണെന്നും മന്ത്രി പറഞ്ഞു.

മത്സ്യകൃഷി മേഖലയിൽ മികച്ച രീതിയിൽ പ്രവർത്തിച്ച സംസ്ഥാനത്തെ കർഷകർക്കും ഫീൽഡ്തല ഉദ്യോഗസ്ഥർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്തു. ശുദ്ധജല മത്സ്യകർഷകരിൽ ഒന്നാം സ്ഥാനം നേടിയ കോട്ടയം സ്വദേശി മാത്തുക്കുട്ടി ബി ടിക്ക് മുഖ്യമന്ത്രി പുരസ്കാരം സമ്മാനിച്ചു. ബാക്കി അവാർഡ് ജേതാക്കൾക്ക് മന്ത്രി സജി ചെറിയാൻ പുരസ്കാരങ്ങൾ വിതരണം ചെയ്തു.

ഓരുജല മത്സ്യകർഷകരിൽ ദിനേശൻ കെ ജി എറണാകുളം, ചെമ്മീൻ കർഷകരിൽ ടിവി കബീർ കണ്ണൂർ, നൂതന മത്സ്യ കർഷകരിൽ മുസ്തഫ കമ്പൻ കണ്ണൂർ, അലങ്കാര മത്സ്യകർഷകരിൽ മുഹമ്മദ് ബിൻ ഫാറൂഖ് കൊല്ലം, പിന്നാമ്പുറ മത്സ്യകൃഷിയിൽ ബിനീഷ് വിവി കോട്ടയം എന്നിവർ ഒന്നാം സ്ഥാനം കരസ്ഥമാക്കി. അരുൺദാസ് മാടവന, കിരൺ ബി എന്നിവർ പ്രത്യേക പുരസ്കാരത്തിന് അർഹരായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റിയും പ്രൊമോട്ടർമാരിൽ ശ്രീൻഷ പ്രദീപനും മത്സ്യകൃഷി കോഓർഡിനേറ്റർമാരിൽ ആർ ജയരാജും ഫീൽഡ് ഓഫീസർമാരിൽ ജിബിന എം എമ്മും ജില്ലകളിൽ തിരുവനന്തപുരവും ഒന്നാംസ്ഥാനം കരസ്ഥമാക്കി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സുരേഷ് കുമാർ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ബി പി മുരളി, അവാർഡ് നിർണയ കമ്മിറ്റി ചെയർമാൻ ഡോ. കെ. കെ. അപ്പുക്കുട്ടൻ എന്നിവർ ആശംസ അർപ്പിച്ചു. ഫിഷറീസ് ഡയറക്ടർ അബ്ദുൽ നാസർ ബി റിപ്പോർട്ട് അവതരിപ്പിച്ചു. ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ എസ് ശ്രീനിവാസ് സ്വാഗതവും ഫിഷറീസ് അഡീഷണൽ ഡയറക്ടർ സ്മിത ആർ നായർ നന്ദിയും പറഞ്ഞു. രാവിലെ 10 ന് ആരംഭിച്ച മത്സ്യകർഷക സംഗമത്തിൽ ഉൾനാടൻ മത്സ്യകൃഷി വികസനസാധ്യതകൾ, നൂതന മത്സ്യകൃഷി സാധ്യതകൾ എന്നീ വിഷയങ്ങളിൽ സെമിനാർ നടന്നു. ഫിഷറീസ് ജോ. ഡയറക്ടർമാരായ സലീം കെ എച്ച്, മഹേഷ് എസ് എന്നിവർ വിഷയാവതരണം നടത്തി.

# വയോധികയെ കബളിപ്പിച്ച് ലക്ഷങ്ങൾ തട്ടി; തമിഴ്നാട് സ്വദേശികൾ കാഞ്ഞിരപ്പള്ളിയിൽ അറസ്റ്റിൽ

കോട്ടയം: ബന്ധുവായ വയോധികയെ കബളിപ്പിച്ച് മൊബൈൽഫോൺ വഴി ബാങ്ക് അക്കൗണ്ടിലെ പണംതട്ടിയ കേസിൽ തമിഴ്നാട് സ്വദേശികളായ മൂന്നുപേർ കാഞ്ഞിരപ്പള്ളിയിൽ അറസ്റ്റിൽ. കാഞ്ചീപുരം സ്വദേശികളായ ആർ.മുരുകേശ് (21), അംബിക ചന്ദ്രശേഖർ (40), രാജി രമേഷ് (39) എന്നിവരാണ് അറസ്റ്റിലായത്.ചിറക്കടവ് സ്വദേശിനിയായ വയോധികയുടെ പണമാണ് ഇവർ അപഹരിച്ചത്. ബന്ധുക്കളായ ഇവർ വയോധികയുടെ വീട്ടിൽ താമസിക്കാൻ എത്തിയിരുന്നു. പിന്നീട് വയോധികയുടെ മൊബൈൽ ഫോൺ തന്ത്രപൂർവം കൈക്കലാക്കി അക്കൗണ്ടിൽ ഉണ്ടായിരുന്ന 1.4 ലക്ഷം രൂപ തങ്ങളുടെ തമിഴ്നാട്ടിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു.വീട്ടിൽ സൂക്ഷിച്ചിരുന്ന 36,000 രൂപയും മൊബൈൽഫോണും മോഷ്ടിക്കുകയും ചെയ്തു. രണ്ടാഴ്ചക്കുശേഷം വയോധിക ബാങ്കിൽ എത്തിയപ്പോഴാണ് പണം നഷ്ടപ്പെട്ട വിവരം അറിഞ്ഞത്. തുടർന്ന് പോലീസിൽ പരാതി നൽകുകയായിരുന്നു.അന്വേഷണത്തിൽ പണം പ്രതികളുടെ കാഞ്ചീപുരത്തുള്ള ബാങ്ക് അക്കൗണ്ടിലേക്ക് എത്തിയതായി കണ്ടെത്തി. തുടർന്ന് മൂവരെയും പിടികൂടുകയായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.